VOL NO: 10 I ISSUE 22

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com
2026 MAY 30 I ₹10



# പരിസ്ഥിതി ദിനവും ചില ചിന്തകളും

മണ്ണും മലയും മഞ്ഞും മഴയും മൃഗങ്ങളും മത്സ്യങ്ങളുമടങ്ങിയ അതിമനോഹര ആവാസവ്യവസ്ഥയുടെ ഭാഗം മാത്രമാണ് മനുഷ്യൻ. ഇവയൊന്നുമില്ലെങ്കിൽ മനുഷ്യന് ഇവിടെ നിലനിൽപ്പില്ല എന്ന് മാത്രമല്ല, മനുഷ്യനില്ലെങ്കിലും ഇതെല്ലാം ഭംഗിയായി നടന്നുപോകുമെന്ന തിരിച്ചറിവിൽ നിന്ന് കൂടി വേണം പ്രകൃതിസംരക്ഷണത്തെ കുറിച്ചുള്ള ആദ്യപാഠങ്ങൾ ഓരോരുത്തരും ഗ്രഹിച്ചുതുടങ്ങാൻ.

അനന്തമായ ആകാശലോകം; പ്രപഞ്ചത്തിന്റെ ദിവ്യരഹസ്യങ്ങൾ

ഖറാമിത്വിയൻ കലാപവും ഹജറുൽ അസ്‌വദ് മോഷണവും

മഴക്കാലവും ജലജന്യ രോഗങ്ങളും

റൈഹാൻ ഷഹീദ് • ഡോ. ഹിസാന ജഹാൻ • അഫ്താബ് കണ്ണഞ്ചേരി




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

488
നേർപഥം വാരിക
2026 മെയ് 30
1447 ദുൽഹിജ്ജ 14
പുസ്തകം 10 / ലക്കം 22

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




കവർ സ്റ്റോറി




റൈഹാൻ ഷഹീദ്

മണ്ണും മലയും മഞ്ഞും മഴയും മൃഗങ്ങളും മത്സ്യങ്ങളുമടങ്ങിയ അതിമനോഹര ആവാസവ്യവസ്ഥയുടെ ഭാഗം മാത്രമാണ് മനുഷ്യൻ. ഇവയൊന്നുമില്ലെങ്കിൽ മനുഷ്യന് ഇവിടെ നിലനിൽപ്പില്ല എന്ന് മാത്രമല്ല, മനുഷ്യനില്ലെങ്കിലും ഇതെല്ലാം ഭംഗിയായി നടന്നുപോകുമെന്ന തിരിച്ചറിവിൽ നിന്ന് കൂടി വേണം പ്രകൃതിസംരക്ഷണത്തെ കുറിച്ചുള്ള ആദ്യപാഠങ്ങൾ ഓരോരുത്തരും ഗ്രഹിച്ചുതുടങ്ങാൻ.

**05** മുഖമൊഴി
വിശ്വാസസം ജീവിതത്തിൽ പ്രതിഫലിക്കണം

**06** ലേഖനം
മാപ്പു നൽകുക
നൗഫൽ ചെറുമുക്ക്, ഷാർജ

**19** കുടുംബപഥം
കൗമാരക്കാരെ മനസ്സിലാക്കുക
ആഷിഖ.എ.വി, നടുവട്ടം

**20** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**23** ലേഖനം
ഇബ്നു ബൈതാർ: ഔഷധ നിർമാണ രംഗത്തെ അതുല്യ പ്രതിഭ
ഡോ. ടി. കെ. യൂസുഫ്

**26** ലേഖനം
അനന്തമായ ആകാശലോകം; പ്രപഞ്ചത്തിന്റെ ദിവ്യരഹസ്യങ്ങൾ
അഫ്താബ് കണ്ണഞ്ചേരി

**30** ചരിത്രപഥം
ഖറാമിത്വിയൻ കലാപവും ഹജറുൽ അസ്‌വദ് മോഷണവും
ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

**32** ആരോഗ്യപഥം
മഴക്കാലവും ജലജന്യ രോഗങ്ങളും
ഡോ. ഹിസാന ജഹാൻ

**34** ബാലപഥം
ഉമ്മാക്കൊരുമ്മ
സഹല ഷെറിൻ, ചെർപ്പുളശ്ശേരി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ഉമ്മാ,
# ഞാനിനി മദ്റസയിൽ പോകുന്നില്ല!

ഒരുമാസത്തെ ഇടവേളക്കുശേഷം മദ്റസകൾ തുറക്കുകയായി. വെക്കേഷൻ കഴിഞ്ഞ് മദ്റസ തുറക്കുമ്പോൾ ചില വിദ്യാർഥി - വിദ്യാർഥിനികൾ ചോദിക്കുന്ന ഒരു ചോദ്യമാണ് 'ഇനി ഞാൻ മദ്റസയിൽ പോകണോ' എന്നത്! 'ഹൈസ്കൂളിലെത്തി, ട്യൂഷന് പോയില്ലെങ്കിൽ ഫുൾ എപ്ലസ് കിട്ടില്ല' എന്നൊക്കെ വിശദീകരണവും കൂടെ വരും.

ഇത് കേൾക്കുമ്പോഴേക്കും ചില രക്ഷിതാക്കൾ 'അത് ശരിയാണല്ലോ' എന്ന് തലകുലുക്കി സമ്മതിക്കും. പെൺകുട്ടികളാണെങ്കിൽ മദ്റസയിൽ തുടർന്നു പഠിക്കാൻ താൽപര്യമുണ്ടെങ്കിലും, 'കെട്ടിക്കാനായി, ഇനിയും കുട്ടികളെ പോലെ മദ്റസയിൽ പോകുകയോ' എന്നു ചോദിച്ച് നിരുൽസാഹപ്പെടുത്തും!

എല്ലാ രക്ഷിതാക്കളും ഇങ്ങനെയാണെന്നല്ല പറയുന്നത്. മതവിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം നൽകുന്ന ഒരുപാട് രക്ഷിതാക്കളുണ്ട്. അവർ ഓൺലൈനായെങ്കിലും മദ്റസ വിഷയങ്ങൾ പഠിപ്പിക്കും. മക്കൾ ക്വുർആൻ തജ്‌വീദോടെ നന്നായി ഓതിപ്പഠിക്കാൻ നിപുണരായ അധ്യാപകരെ കണ്ടെത്തും.

പ്രിയ രക്ഷിതാക്കളേ, ഓരോ മുസ്‌ലിമിനും മതവിദ്യാഭ്യാസം നേടൽ അനിവാര്യമാണ്. തിന്മകൾ കൂലംകുത്തിയൊഴുകുന്ന വർത്തമാനകാലത്ത് മക്കൾക്ക് മതവിദ്യാഭ്യാസം നൽകിയില്ലെങ്കിൽ വലിയ വിപത്തായിരിക്കും വരാൻ പോകുന്നത്.

പണ്ടുള്ളവർക്ക് നമ്മുടെ നാട്ടിൽ ആഴത്തിലുള്ള മതപഠനത്തിന് അവസരമുണ്ടായിരുന്നില്ല. 'ഓത്തുപള്ളി'യിൽ പോയി അൽപം ഓതാൻ പഠിക്കും. കർമാനുഷ്ഠാനങ്ങൾ മദ്ഹബിനനുസരിച്ച് പഠിക്കും. അത്ര മാത്രം. എങ്കിലും അന്നത്തെ കാലത്ത് പരസ്പരമുള്ള ഇടപഴകലിലൂടെ ഒരുപാട് നന്മകൾ പഠിക്കാൻ കഴിഞ്ഞിരുന്നു.

നന്മകൾ കണ്ടുപഠിക്കാനല്ല, തിന്മകൾ കണ്ടു പഠിക്കാനാണിന്ന് കൂടുതൽ അവസരം. അതുകൊണ്ട് നമ്മുടെ മക്കളെ എട്ടാം ക്ലാസുവരെയെങ്കിലും കൃത്യമായി പറഞ്ഞയക്കാൻ നാം ശ്രദ്ധിക്കണം. കേവലം പാഠപുസ്തകത്തിലെ പാഠങ്ങൾ തീർത്തു പരീക്ഷയെഴുതി വിജയിക്കൽ മാത്രമല്ല മദ്റസ പഠനം. ഈ ലോകത്തും പരലോകത്തും വിജയിക്കുക, മക്കൾ ഉത്തമ വിശ്വാസികളായി വളരുക എന്നതാണ് അതിന്റെ പരമമായ ലക്ഷ്യം. മദ്റസ പഠനം കഴിഞ്ഞാലും മതം പഠിക്കാനുള്ള അവസരങ്ങൾ ഇന്ന് ഏറെയുണ്ട്. ഭൗതിക വിദ്യാഭ്യാസത്തിന്റെ പേര് പറഞ്ഞുകൊണ്ട് മക്കളുടെ മദ്റസാ പഠനം മുടക്കാതിരിക്കുക. മദ്റസാ പഠനംകൊണ്ട് നമ്മുടെ മക്കളുടെ ഭൗതിക വിദ്യാഭ്യാസത്തിന് നേട്ടമല്ലാതെ ഒരു കോട്ടവും സംഭവിക്കാൻ പോകുന്നില്ല. അവർ മാതാപിതാക്കളെ അനുസരിക്കുന്നവരും ബഹുമാനിക്കുന്നവരും സ്നേഹിക്കുന്നവരുമായി മാറണമെങ്കിൽ മതബോധം പകർന്നുനൽകൽ നിർബന്ധമാണ്.

**-മുർഷിദ് തൊടികപ്പുലം**

*(അൽഹിക്മ സലഫി മദ്റസ, വാണിയമ്പലം)*

# വിശ്വാസസം ജീവിതത്തിൽ പ്രതിഫലിക്കണം

മഹാനായ ഇബ്റാഹീം നബി(അ)യുടെയും കുടുംബത്തിന്റെയും ത്യാഗനിർഭരമായ ഓർമകൾ അയവിറക്കിക്കൊണ്ട് ലോക മുസ്‌ലിംകൾ ബലിപെരുന്നാൾ ആഘോഷിച്ചുകഴിഞ്ഞു. സമർപ്പണത്തിന്റെയും അല്ലാഹുവിന്റെ ഏകത്വവിളംബരത്തിന്റെയും ഏറ്റവും വലിയ പ്രഖ്യാപനമായ ഹജ്ജ് കർമവും അവസാനിച്ചു.

ശരീരവും സമ്പത്തും ആരാധനയും എന്നു മാത്രമല്ല ജീവിതവും മരണവും സ്രഷ്ടാവിന് സമർപ്പിക്കുവാൻ സന്നദ്ധനാകുന്നവനാണ് മുസ്‌ലിം: “പറയുക: തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു” (ഖുർആൻ 6:162).

സ്രഷ്ടാവിലുള്ള വിശ്വാസം അതിന്റെ ശരിയായ രൂപത്തിലല്ലെങ്കിൽ നിഷ്ഫമായ ഒരു സങ്കൽപം മാത്രമായിരിക്കും അത്. വിശ്വാസം ശരിയാകാത്തിടത്ത് കർമങ്ങളും നിഷ്ഫലമായിരിക്കുക സ്വാഭാവികമാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

“ആണാകട്ടെ പെണ്ണാകട്ടെ, ആർ സത്യവിശ്വാസിയായിക്കൊണ്ട് സൽപ്രവൃത്തികൾ ചെയ്യുന്നുവോ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവർ ഒരു തരിമ്പും അനീതി കാണിക്കപ്പെടുന്നതല്ല” (4:124).

സ്രഷ്ടാവിൽ വിശ്വസിക്കുമ്പോൾ ആ സ്രഷ്ടാവിന്റെ മാർഗദർശനം ജീവിതത്തിൽ പ്രായോഗികമാക്കേണ്ടത് ആവശ്യമാണ്. സ്രഷ്ടാവിന്റെ താൽപര്യപ്രകാരമുള്ള ജീവിതം നയിക്കുകയെന്നതാണ് വിശ്വാസാധിഷ്ഠിതമായ ജീവിതത്തിന്റെ അടിത്തറ.

“നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നിങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക...” (ഖുർആൻ 7:3).

വ്യക്തിയുടെ ജീവിതത്തിൽ സമൂലമായി സ്വാധീനം ചെലുത്തുകയും വാക്കുകളെയും വികാരങ്ങളെയും വിചാരങ്ങളെയും സ്വാധീനിക്കുകയും ചെയ്യുന്ന ഘടകമായി വിശ്വാസം മാറേണ്ടതുണ്ട്.

‘വിശ്വാസികളേ, നിങ്ങൾ വിശ്വാസികളാവുക’ എന്ന വിശുദ്ധ ഖുർആനിലെ ആഹ്വാനം ഏറെ അർഥതലങ്ങൾ ഉൾക്കൊള്ളുന്നതാണ്: “സത്യവിശ്വാസികളേ, അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ...” (ഖുർആൻ 4: 136).

വിശ്വാസികളെ വിളിച്ചുകൊണ്ട് വിശ്വാസികളാകുവിൻ എന്ന് കൽപിക്കുമ്പോൾ വിശ്വാസം ദൃഢീകരിക്കേണ്ടതിന്റെ ആവശ്യം ബോധ്യമാകുന്നു. അതോടൊപ്പം പ്രവർത്തനങ്ങളിലൂടെയുള്ള വിശ്വാസ പ്രതിഫലനത്തിന്റെ ആവശ്യകതയും അത് മനസ്സിലാക്കിത്തരുന്നു.

അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നത് വിനാശകരമായ പാപമാണെന്ന് വ്യക്തമാക്കുന്ന ഖുർആൻ സൂക്തങ്ങൾ പാരായണം ചെയ്ത് നമസ്കരിച്ച ശേഷം സ്വന്തം കച്ചവട സ്ഥാപനത്തിൽ ചെന്ന് അളന്നും തൂക്കിയും കൊടുക്കുമ്പോൾ കുറവുവരുത്തിക്കൊടുക്കുന്ന കച്ചവടക്കാരൻ എങ്ങനെ യഥാർഥ മുസ്‌ലിമാകും?

വ്യക്തിജീവിതവും സാമൂഹ്യജീവിതവും കുടുംബജീവിതവും ഒരുപോലെ ഇസ്‌ലാമികമാക്കാൻ കഴിഞ്ഞാൽ മാത്രമെ ഒരാൾ യഥാർഥ വിശ്വാസിയാവുകയുള്ളൂ എന്ന് ചുരുക്കം. ■



# മാപ്പു നൽകുക

നൗഫൽ ചെറുമുക്ക്, ഷാർജ

ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഗവേഷണ, നിരീക്ഷണ, പരീക്ഷണങ്ങളിലൂടെ സാക്ഷ്യപ്പെടുത്തി ബോധ്യപ്പെട്ടതിനു ശേഷം പ്രയോഗവത്കരിക്കേണ്ടതും ഉപേക്ഷിക്കേണ്ടതുമല്ല ഒരു നന്മയും തിന്മയും. സർവജ്ഞനായ റബ്ബ് നൽകിയ നിർദേശങ്ങൾ അതേപടി സ്വീകരിക്കുകയും അത് നടപ്പിൽ വരുത്തിക്കാണിച്ച പ്രവാചകസരണി പിന്തുടരുകയും ചെയ്യുക എന്നുള്ളതാണ് അവന്റെ ബാധ്യത.

**1996**ൽ, അമേരിക്കയിലെ മനശ്ശാസ്ത്രജ്ഞന്മാരുടെ സംഘടനയായ അമേരിക്കൻ സൈക്കോളജിക്കൽ അസോസിയേഷന്റെ അധ്യക്ഷനായിരുന്ന മാർട്ടിൻ സെലിഗ്മാൻ ആണ് 'പോസിറ്റീവ് സൈക്കോളജി' എന്ന ആശയം വികസിപ്പിച്ചെടുത്തത്. മനശ്ശാസ്ത്രം എന്ന വിഷയം മാനസികാസ്വാസ്ഥ്യങ്ങൾക്കുള്ള ചികിത്സാമാർഗമെന്നതിലുപരി ഒരു വ്യക്തിയുടെ മനസ്സിനെ ആഹ്ലാദത്തിലേക്കു നയിക്കുന്ന ഒന്നാകണമെന്ന കാഴ്ചപ്പാടായിരുന്നു ഇതിനു പിന്നിലുള്ള പ്രചോദനം. മനശ്ശാസ്ത്രത്തിലെ ഈ ശാഖയിൽ ഇന്ന് കൂടുതൽ പഠനങ്ങൾ നടന്നുവരുന്നുണ്ട്.

**മറ്റൊരാൾക്ക് മാപ്പു നൽകുന്നതുവഴി നാം നമ്മുടെ മാനസിക ഭാരമാണ് ഇറക്കിവയ്ക്കുന്നത്. അത് നാം സ്വന്ത ത്തോട് കാണിക്കുന്ന ആദരവാണ്. അതുവഴി നമുക്ക് ലഭിക്കുന്ന നേട്ടം അല്ലാഹുവിന്റെ പക്കൽനിന്ന് വിട്ടുവീഴ്ചയും മാപ്പും പൊറുക്കലും ലഭിക്കുന്നവരിൽ നാം ഉൾപ്പെടുന്നു എന്നതാണ്. നിങ്ങളുടെ കാര്യത്തിൽ നിങ്ങൾ വിട്ടുവീഴ്ചക്ക് തയ്യാറില്ലെങ്കിൽ അല്ലാഹുവിന്റെ പക്കൽനിന്ന് വിട്ടുവീഴ്ച ലഭിക്കുവാൻ അവകാശമില്ലെന്ന് സഗൗരവം ഓർമപ്പെടുത്തുന്നു. മാപ്പ് നൽകുക എന്നത് ദൗർബല്യമല്ല, അത് ശക്തിയുടെ അടയാളമാണ് എന്ന് നാം തിരിച്ച റിയണം.**

പോസിറ്റീവ് സൈക്കോളജിയിൽ INTERPERSONAL AND SOCIAL APPROACHES (വ്യക്തികൾ തമ്മിലുള്ളതും സാമൂഹികവുമായ സമീപനങ്ങൾ) എന്ന തലക്കെട്ടിനു കീഴിൽ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങൾ, ആശയവിനിമയം, സമൂഹവുമായി ഉള്ള ഇടപെടൽ എന്നിവയെ അടിസ്ഥാനമാക്കി സ്വീകരിക്കുന്ന വിവിധ രീതികളെ പരിചയപ്പെടുത്തുന്നുണ്ട്. അതുവഴി സന്തോഷമുള്ളതും അർഥപൂർണ വുമായ ജീവിതം സാധ്യമാകുമെന്ന ആശയമാണ് മുന്നോട്ടു വയ്ക്കുന്നത്.

മാപ്പുനൽകുന്നതിന്റെ ശക്തിയാണ് (Power of Forgiveness) പോസിറ്റീവ് സൈക്കോളജി ചർച്ച ചെയ്യുന്ന വിഷയങ്ങളിൽ ഒന്ന്. ഈ ശാസ്ത്രീയ അടിത്തറയിലൂന്നി മാപ്പുനൽകുക വഴി നേടിയെടുക്കാവുന്ന ശാരീരികവും മാനസികവുമായ നേട്ടങ്ങളെക്കുറിച്ചും അല്ലാത്തപക്ഷം ഉണ്ടാകുന്ന നഷ്ടങ്ങളെക്കുറിച്ചുമുള്ള അവബോധമാണ് ഹീലിംഗ് സെന്ററുകൾ വഴി സമൂഹത്തിന് പകർന്നുനൽകുന്നത്.

മാപ്പു നൽകാതിരിക്കുന്നത് ദീർഘമായി തുടരുന്നത് വിട്ടുമാറാത്ത സമ്മർദം (chronic stress), ഉത്കണ്ഠ (anxiety), വിഷാദം (depression) എന്നിവയ്ക്ക് കാരണമായിത്തീരുന്നു. അത് കോർട്ടിസോൾ പോലെയുള്ള സമ്മർദ ഹോർമോണുകളുടെ (stress hormone) ഉത്പാദനം വർധിപ്പിക്കുകയും രോഗപ്രതിരോധ ശേഷിയെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. അതുവഴി അസാധാരണ കോശങ്ങളെ (abnormal cells)നശിപ്പിക്കാൻ കഴിയാതെ വരികയും ക്യാൻസർ പോലെയുള്ള അസുഖങ്ങൾക്ക് അനുകൂലമായ അന്തരീക്ഷം ഉണ്ടായിത്തീരുകയും ചെയ്യുന്നു എന്ന രീതിയിൽവരെ ഇന്ന് ചർച്ചകളും വ്യാഖ്യാനങ്ങളും നടന്നു കൊണ്ടിരിക്കുന്നുണ്ട്.

മാപ്പുനൽകൽ മനഃസ്ഥിതിയില്ലാത്തത് ക്യാൻസറിന് നേരിട്ട് കാരണമാകുന്നു എന്നു പറയാൻ ശാസ്ത്രീയമായ തെളിവൊന്നുമില്ല. എങ്കിലും, മാപ്പ് നൽകുക വഴി ഒരാൾക്ക് ലഭിക്കുന്ന ശാരീരികവും മാനസികവുമായ നേട്ടങ്ങൾ അനവധിയാണ്. മാപ്പുനൽകുന്ന സ്വഭാവമുള്ള ആളുകൾക്ക് സമ്മർദം കുറയുന്നതിനാൽ മെച്ചപ്പെട്ട മാനസികാരോഗ്യം, മാനസിക സമാധാനം, ഉറക്കം, പ്രശ്നങ്ങളെ നേരിടാനുള്ള കഴിവ്, രക്തസമ്മർദ നിയന്ത്രണം, മെച്ചപ്പെട്ട വൈകാരിക നിയന്ത്രണം തുടങ്ങിയവ ലഭ്യമാകും എന്ന് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഗവേഷണ, നിരീക്ഷണ, പരീക്ഷണങ്ങളിലൂടെ സാക്ഷ്യപ്പെടുത്തി ബോധ്യപ്പെട്ടതിനു ശേഷം പ്രയോഗവത്കരിക്കേണ്ടതും ഉപേക്ഷിക്കേണ്ടതുമല്ല ഒരു നന്മയും തിന്മയും. സർവജ്ഞനായ റബ്ബ് നൽകിയ നിർദേശങ്ങൾ അതേപടി

സ്വീകരിക്കുകയും അത് നടപ്പിൽ വരുത്തിക്കാണിച്ച പ്രവാചകസരണി പിന്തുടരുകയും ചെയ്യുക എന്നുള്ളതാണ് അവന്റെ ബാധ്യത.

മുഹമ്മദ് നബി(സ്വ) അനുപമമായ വ്യക്തിത്വത്തിന്റെ മകുടോദാഹരണമാണ്. ഉപരിസൂചിതമായ മാപ്പ് നൽകുക എന്ന ഗുണം അദ്ദേഹത്തിന്റെ ജീവിതത്തിലെ ഓരോ ഘട്ടത്തിലും പ്രകടമായി കാണാമായിരുന്നു.

മക്കയിലെ ശത്രുക്കളുടെ ഉപദ്രവം സഹിക്കവയ്യാതെ തന്റെ ബന്ധുക്കളുള്ള ത്വാഇഫുകാർ തന്നെ സ്വീകരിക്കുമെന്നും സത്യസന്ദേശം പുൽകുമെന്നും പ്രതീക്ഷിച്ച് നബി(സ്വ) അങ്ങോട്ട് പോയി. എന്നാൽ ത്വാഇഫുകാരിൽനിന്ന് പ്രതീക്ഷിച്ചതിനു വിപരീതമായ പ്രതികരണമാണ് ലഭിച്ചത്. തന്നെ കല്ലെറിഞ്ഞ് ആട്ടിയോടിച്ച ആ ജനതയെ ശിക്ഷിക്കുവാനുള്ള അനുവാദം ചോദിച്ച ജിബ്‌രീലിനോട് അവരെ വെറുതെ വിടാനാണ് പ്രവാചകൻ(സ്വ) ആവശ്യപ്പെട്ടത്.

പ്രസിദ്ധമായ മക്കാവിജയ ദിനത്തിൽ സർവ സന്നാഹങ്ങളും സജ്ജമായിരുന്നിട്ടും മാപ്പ് കൊടുക്കുക എന്ന മഹിതമായ മാതൃകയാണ് ലോകത്തിന് നബി(സ്വ) പകർന്നു നൽകിയത്. വിശ്വാസികളായ നാമും പിന്തുടരേണ്ടത് അതേ പാതതന്നെയാണ്.

നിസ്സാരമോ സാരമോ ആയ കാരണങ്ങൾകൊണ്ട് പകയും വിദ്വേഷവും വെച്ചു നടക്കുന്നവർ തങ്ങളുടെ ഇഹപര ജീവിതത്തെയാണ് നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. കുടുംബം, അയൽപക്കം, നാട്ടുകാർ തുടങ്ങിയ സാമൂഹിക ബന്ധങ്ങൾ ശിഥിലമാകുന്നതിൽ ഇവ പ്രേരക ശക്തിയായി വർത്തിക്കുന്നു. മാപ്പ് കൊടുക്കുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കാൻ താഴെ കൊടുക്കുന്ന ക്വുർആൻ വചനം ധാരാളം മതിയാകും:

“നിങ്ങളുടെ കൂട്ടത്തിൽ ശ്രേഷ്ഠതയും കഴിവുമുള്ളവർ കുടുംബബന്ധമുള്ളവർക്കും സാധുക്കൾക്കും അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞു വന്നവർക്കും ഒന്നും കൊടുക്കുകയില്ലെന്ന് ശപഥം ചെയ്യരുത്. അവർ മാപ്പുനൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ” (24:22).

തന്റെ മകൾ ആഇശ(റ)യെപ്പറ്റി അപരാധം പറയുന്നതിൽ കാര്യമായ ഒരു പങ്ക് വഹിച്ചതു നിമിത്തം മിസ്ത്വഹി(റ)ന് ഇനി മേലിൽ തന്റെ സഹായം തുടരുകയില്ലെന്ന് അബൂബക്കർ(റ) സത്യം ചെയ്ത പശ്ചാത്തലത്തിൽ അവതീർണമായ ഈ വചനത്തിലെ ആശയം നാം കൃത്യമായി മനസ്സിലാക്കണം. ആയത്തിന്റെ അവസാന ഭാഗത്തെ ‘നിങ്ങൾക്ക് അല്ലാഹു പൊറുത്തുതരുന്നതിനെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ’ എന്ന ചോദ്യം വളരെ അർഥവത്തും ഏറെ ചിന്തനീയവുമാണ്.

മറ്റൊരാൾക്ക് മാപ്പു നൽകുന്നതുവഴി നാം നമ്മുടെ മാനസിക ഭാരമാണ് ഇറക്കിവയ്ക്കുന്നത്. അത് നാം സ്വന്തത്തോട് കാണിക്കുന്ന ആദരവാണ്. അതുവഴി നമുക്ക് ലഭിക്കുന്ന നേട്ടം ഈ വചനത്തിൽ സൂചിപ്പിച്ചതു പോലെ അല്ലാഹുവിന്റെ പക്കൽനിന്ന് വിട്ടുവീഴ്ചയും മാപ്പും പൊറുക്കലും ലഭിക്കുന്നവരിൽ നാം ഉൾപ്പെടുന്നു എന്നതാണ്. നിങ്ങളുടെ കാര്യത്തിൽ നിങ്ങൾ വിട്ടുവീഴ്ചക്ക് തയ്യാറില്ലെങ്കിൽ അല്ലാഹു വിന്റെ പക്കൽനിന്ന് വിട്ടുവീഴ്ച ലഭിക്കുവാൻ അവകാശമില്ലെന്ന് സഗൗരവം ഓർമപ്പെടുത്തുകയാണ് ഈ വചനം. മാപ്പ് നൽകുക എന്നത്

**മറ്റൊരാളോട് ഉള്ളിൽ കൊണ്ടുനടക്കുന്ന പകയും പ്രതികാരചിന്തയും നമ്മുടെ ആരാധനയുടെ മാധുര്യവും സ്വീകാര്യതയും കെടുത്തുമെന്നു മാത്രമല്ല നമ്മുടെ പ്രാർഥനകൾവരെ തള്ളിക്കളയാൻ അത് നിമിത്തമായി ഭവിച്ചേക്കാം എന്നത് പ്രത്യകം ഓർക്കേണ്ടതാണ്. മാപ്പു നൽകലും ക്ഷമയും വിട്ടുവീഴ്ചയും ജീവിത വീഥിയിൽ ശീലമായി മാറണം. അത് ഹൃദയത്തിന് വെളിച്ചവും മനസ്സിന് ശാന്തതയും ജീവിതത്തിന് സമാധാനവും നൽകും.**

ദൗർബല്യമല്ല, അത് ശക്തിയുടെ അടയാളമാണ് എന്ന് നാം തിരിച്ചറിയണം.

ഹൃദയശുദ്ധിയും ആന്തരിക സൗഖ്യവും പരസ്പര പൂരകങ്ങളാണ്. ഹൃദയം ശുദ്ധമായാൽ സൗഖ്യപ്പെടുത്തൽ വേഗത്തിലാകും. വിദ്വേഷം, അസൂയ, കോപം തുടങ്ങിയ നെഗറ്റീവ് ചിന്തകളെ മനസ്സിൽ നിന്നും ഉന്മൂലനം ചെയ്യുകയും തൽസ്ഥാനത്ത് സ്നേഹം, ക്ഷമ, കാരുണ്യം, നന്ദി എന്നി പോസിറ്റീവ് ചിന്തകളെ സ്ഥാപിക്കുകയും വളർത്തുകയും ചെയ്യുകവഴി കൂടുതൽ ശാന്തവും സ്നേഹപൂർണവുമായ വ്യക്തിത്വവും ജീവിതവും രൂപപ്പെടുത്തിയെടുക്കാനാകും എന്നാണ് മനഃശാസ്ത്ര പഠനങ്ങൾ പറയുന്നത്.

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഇതിനുള്ള പ്രാധാന്യം മനസ്സിലാക്കാൻ നബി(സ്വ)യുടെ കാലത്തു നടന്ന ഒരു സംഭവം പര്യാപ്തമാണ്. വിവിധങ്ങളായ രൂപത്തിൽ ഹദീസ് ഗ്രന്ഥങ്ങളിൽ ഉദ്ധരിച്ച തിന്റെ സംക്ഷിപ്തം ഇതാണ്:

ഒരിക്കൽ നബി(സ്വ) സദസ്സിലുള്ളവരോട് പറഞ്ഞു: 'ഇപ്പോൾ നിങ്ങളിലേക്ക് കടന്നുവരുന്നയാൾ സ്വർഗാവകാശിയാണ്.' മൂന്ന് സന്ദർഭങ്ങളിൽ ആവർത്തിച്ച ഇതേ വാക്കിനുശേഷം അത്ഭുതകരമായ ആവർത്തനം പോലെ കടന്നുവന്നത് ഒരേ അൻസ്വാരി സ്വഹാബി തന്നെയായിരുന്നു. ആശ്ചര്യം പൂണ്ട സ്വഹാബിമാർ അദ്ദേഹത്തിന്റെ സവിശേഷത അറിയാനും സ്വർഗപ്രവേശനത്തിനുള്ള സാക്ഷ്യത്തിന് കാരണം അന്വേഷിക്കാനും തീരുമാനിച്ചു. മഹാനായ സ്വഹാബി അബ്ദുല്ലാഹ്(റ) ആ രഹസ്യമറിയാൻ അദ്ദേഹത്തിന്റെ കൂടെ മൂന്നു ദിവസം താമസിച്ച് നിരീക്ഷിച്ചിട്ടും സാധാരണയിൽ കവിഞ്ഞുള്ള ഒരു ആരാധനയോ പ്രവർത്തനമോ കാണാൻ സാധിച്ചില്ല.

അവസാനം അബ്ദുല്ലാഹ്(റ) തന്റെ ഉദ്ദേശ്യം വ്യക്തമാക്കി കാരണം ആരാഞ്ഞപ്പോൾ ആ സ്വഹാബി പ്രതിവചിച്ചത് 'ഞാൻ ഉറങ്ങാൻ പോകുമ്പോൾ ഒരാളുമായും എന്റെ ഹൃദയത്തിൽ വൈരാഗ്യമോ അസൂയയോ വഞ്ചനയോ ഒന്നും സൂക്ഷിക്കാറില്ല, അല്ലാഹു ഓരോരുത്തർക്കും നൽകിയ അനുഗ്രഹത്തെ ഓർത്തു ഞാൻ അസൂയപ്പെടാറുമില്ല' എന്നാണ്.

മറ്റൊരാളോട് ഉള്ളിൽ കൊണ്ടുനടക്കുന്ന പകയും പ്രതികാരചിന്തയും നമ്മുടെ ആരാധനയുടെ മാധുര്യവും സ്വീകാര്യതയും കെടുത്തുമെന്നു മാത്രമല്ല നമ്മുടെ പ്രാർഥനകൾവരെ തള്ളിക്കളയാൻ അത് നിമിത്തമായി ഭവിച്ചേക്കാം എന്നത് പ്രത്യകം ഓർക്കേണ്ടതാണ്.

മാപ്പു നൽകലും ക്ഷമയും വിട്ടുവീഴ്ചയും ജീവിത വീഥിയിൽ ശീലമായി മാറണം. അത് ഹൃദയത്തിന് വെളിച്ചവും മനസ്സിന് ശാന്തതയും ജീവിതത്തിന് സമാധാനവും നൽകും.



# പരിസ്ഥിതി ദിനവും ചില ചിന്തകളും

റൈഹാൻ ഷഹീദ്
: 8921259204

**മണ്ണും മലയും മഞ്ഞും മഴയും മൃഗങ്ങളും മത്സ്യങ്ങളുമടങ്ങിയ അതിമനോഹര ആവാസവ്യവസ്ഥയുടെ ഭാഗം മാത്രമാണ് മനുഷ്യൻ. ഇവയൊന്നുമില്ലെങ്കിൽ മനുഷ്യന് ഇവിടെ നിലനിൽപ്പില്ല എന്ന് മാത്രമല്ല, മനുഷ്യനില്ലെങ്കിലും ഇതെല്ലാം ഭംഗിയായി നടന്നുപോകുമെന്ന തിരിച്ചറിവിൽ നിന്ന് കൂടി വേണം പ്രകൃതിസംരക്ഷണത്തെ കുറിച്ചുള്ള ആദ്യപാഠങ്ങൾ ഓരോരുത്തരും ഗ്രഹിച്ചുതുടങ്ങാൻ.**

മനുഷ്യൻ ഈ ഭൂമിയിലെ ഏകനല്ല. പർവതങ്ങളും നദികളും കാടുകളും മണ്ണും മഴയും വായുവും പക്ഷികളും മൃഗങ്ങളും സൂക്ഷ്മജീവികളും ചേർന്നൊരു മഹത്തായ ജീവവ്യവസ്ഥയുടെ ഭാഗമാണ് മനുഷ്യൻ. പ്രകൃതിയില്ലാതെ മനുഷ്യന് ജീവിക്കാനാവില്ല. എന്നാൽ മനുഷ്യൻ ഇല്ലാതിരുന്നാലും പ്രകൃതി മുന്നോട്ടുപോകും. അതുകൊണ്ടുതന്നെ പരിസ്ഥിതിയെക്കുറിച്ചുള്ള ചർച്ച ഒരു കേവല ചർച്ചയല്ല; അത് മനുഷ്യന്റെ നിലനിൽപുമായി ബന്ധപ്പെട്ട അടിസ്ഥാനപ്രശ്നമാണ്.

ജൂൺ 5 ലോക പരിസ്ഥിതി ദിനമായി ആചരിക്കപ്പെടുമ്പോൾ ലോകം വലിയൊരു പരിസ്ഥിതി പ്രതിസന്ധിയുടെ നടുവിലൂടെയാണ് കടന്നുപോകുന്നത്. കാലാവസ്ഥാവ്യതിയാനം, ജലക്ഷാമം, വനനശീകരണം, വായുമലിനീകരണം, പ്ലാസ്റ്റിക് മാലിന്യങ്ങൾ, സമുദ്രമലിനീകരണം, ജീവജാലങ്ങളുടെ നാശം, ആഗോളതാപനം തുടങ്ങിയ അനവധി പ്രശ്നങ്ങൾ മനുഷ്യന്റെ അശ്രദ്ധയും അതിരില്ലാത്ത ഉപഭോഗമനോഭാവവും മൂലമാണ് രൂപപ്പെട്ടത്. ഈ പ്രശ്നങ്ങൾ ഇനി ഭാവിയിലെ ഭീഷണികളല്ല; അവ ഇന്നത്തെ യാഥാർഥ്യങ്ങളാണ്.

**പ്രകൃതി; മനുഷ്യന്റെ ആദ്യഗൃഹം**

ആദിമനുഷ്യരുടെ ജീവിതം പ്രകൃതിയോടു ചേർന്നതായിരുന്നു. നദികൾ കുടിവെള്ളം നൽകി. കാടുകൾ ഭക്ഷണവും ഔഷധങ്ങളും നൽകി. മണ്ണ് കൃഷിക്ക് അനുയോജ്യമായ വിളകൾ നൽകി. കാലാവസ്ഥയുടെ ക്രമം ജീവിതത്തെ സുസ്ഥിരമാക്കി. മനുഷ്യൻ പ്രകൃതിയെ കീഴടക്കാനുള്ള വസ്തുവായി കണ്ടില്ല; മറിച്ച് ജീവിതത്തിന്റെ ഭാഗമായിട്ടാണ് കണ്ടത്.

ഗ്രാമീണ ജീവിതരീതികളിൽ പ്രകൃതിയോടുള്ള ബഹുമാനം കാണാമായിരുന്നു. കുളങ്ങൾ സംരക്ഷിക്കപ്പെടുമായിരുന്നു. പാടശേഖരങ്ങൾ നിലനിർത്തപ്പെടുമായിരുന്നു. മഴക്കാലം, വേനൽക്കാലം, കൃഷിക്കാലം എന്നിവ ജീവിതത്തിന്റെ താളം നിർണയിച്ചു. ഒരു വൃക്ഷം വെട്ടുന്നതിനു മുമ്പ് പലരും രണ്ടു തവണ ആലോചിച്ചിരുന്നു. കാരണം പ്രകൃതി മനുഷ്യന്റെ സ്വത്ത് മാത്രമല്ല, അടുത്ത തലമുറയുടെ അവകാശവുമാണെന്ന ബോധം അന്ന് നിലനിന്നിരുന്നു.

എന്നാൽ വ്യവസായവൽക്കരണവും നഗരവൽക്കരണവും ഉപഭോഗസംസ്കാരവും വളർന്നതോടെ മനുഷ്യന്റെ സമീപനം മാറി. ഭൂമിയെ 'ചൂഷണം ചെയ്യാനുള്ള വിഭവം' എന്ന നിലയിൽ കാണാൻ തുടങ്ങി. വനങ്ങൾ വെട്ടിനശിപ്പിക്കപ്പെട്ടു. നദികൾ മലിനമായി. മണ്ണ് വിഷമയമായി. മനുഷ്യന്റെ പുരോഗതി പ്രകൃതിയുടെ തകർച്ചയുടെ വിലകൊടുത്താണ് മുന്നേറിയത്.

**പ്രകൃതിയുമായുള്ള ബന്ധം നഷ്ടപ്പെട്ട മനുഷ്യൻ**

ഇന്നത്തെ കുട്ടികൾ പലപ്പോഴും പ്രകൃതിയെ നേരിട്ട് അറിയാതെ വളരുകയാണ്. പക്ഷികളുടെ ശബ്ദം കേൾക്കാതെ, മണ്ണിന്റെ മണമറിയാതെ, നക്ഷത്രങ്ങൾ നിറഞ്ഞ ആകാശം കാണാതെ, സ്ക്രീനുകളുടെ ലോകത്തിലാണ് പുതിയ തലമുറ വളരുന്നത്. മനുഷ്യൻ പ്രകൃതിയിൽനിന്നും അകന്നുപോകുമ്പോൾ മാനസികമായും അകലുന്നു.

പണ്ട് ഒരു ഗ്രാമത്തിലെ കിണറ്റിലെ വെള്ളം മുഴുവൻ നാട്ടുകാരും പങ്കിട്ടിരുന്നു. ഇന്ന് പല നഗരങ്ങളിലും ശുദ്ധജലം വാങ്ങേണ്ട അവസ്ഥയാണ്. മുമ്പ് വേനലിലും നിലനിന്നിരുന്ന പുഴകൾ ഇന്ന് നേരത്തെ വറ്റിപ്പോകുന്നു. കാലാവസ്ഥയുടെ ക്രമം മാറിയിരിക്കുന്നു. അതിശക്തമായ മഴ, പ്രളയം, വരൾച്ച, ചൂട് തരംഗങ്ങൾ തുടങ്ങിയവ സാധാ



ക്വുർആനും സുന്നത്തും മനുഷ്യനെ പ്രകൃതിയോട് ഉത്തരവാദിത്തമുള്ള ജീവിയായി അവതരിപ്പിക്കുന്നു. മനുഷ്യൻ ഭൂമിയുടെ ഉടമയല്ല; മറിച്ച് അല്ലാഹു ഏൽപിച്ച ഒരു അമാനത്ത് സംരക്ഷിക്കേണ്ട പ്രതിനിധിയാണ്. അതുകൊണ്ടുതന്നെ പ്രകൃതിയെ നശിപ്പിക്കുന്നത് ഇസ്‌ലാമിക ദൃഷ്ടിയിൽ ഒരു ധാർമിക തകർച്ച കൂടിയാണ്.

രണ സംഭവങ്ങളായി മാറിക്കൊണ്ടിരിക്കുന്നു.

കേരളം തന്നെ ഇതിന്റെ ഉദാഹരണമാണ്. 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് വിശേഷിപ്പിക്കപ്പെട്ട ഈ പ്രദേശം ഇന്ന് മണ്ണിടിച്ചിലുകളും പ്രളയങ്ങളും ചൂട് വർധനവും ജലക്ഷാമവും നേരിടുന്നു. കുന്നുകൾ ഇടിച്ചുനിരപ്പാക്കുകയും കാടുകൾ നശിപ്പിക്കുകയും നദീതീരങ്ങൾ കൈയേറുകയും ചെയ്തതിന്റെ ദോഷഫലങ്ങൾ നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

**പരിസ്ഥിതി നശീകരണം തിരിച്ചടിയാകുന്നു**

പരിസ്ഥിതി സംരക്ഷണം ചില 'പരിസ്ഥിതി പ്രവർത്തകരുടെ വിഷയം' മാത്രമല്ല; അത് ഭക്ഷണം, ആരോഗ്യം, സമ്പത്ത്, ഭാവിതലമുറ, മനുഷ്യജീവൻ എന്നിവയുമായി നേരിട്ട് ബന്ധപ്പെട്ട വിഷയമാണ്.

വായുമലിനീകരണം ലക്ഷക്കണക്കിന് ആളുകളുടെ ആരോഗ്യത്തെ ബാധിക്കുന്നു. മലിനജലം രോഗങ്ങൾ വർധിപ്പിക്കുന്നു. കാടുകൾ നശിക്കുമ്പോൾ മഴയുടെ സ്വഭാവം മാറുന്നു. സമുദ്രമലിനീകരണം മത്സ്യസമ്പത്തിനെ ബാധിക്കുന്നു. കാലാവസ്ഥാവ്യതിയാനം കാർഷിക മേഖലയെ തകർക്കുന്നു. ഭക്ഷ്യോൽപാദനം കുറയുന്നു. ദാരിദ്ര്യവും കുടിയേറ്റവും വർധിക്കുന്നു. ഇത് ഒരു ശൃംഖലയാണ്. പ്രകൃതിയെ നശിപ്പിക്കുന്നത് ഒടുവിൽ മനുഷ്യസമൂഹത്തെ തന്നെ തകർക്കും.

ലോകം 'വികസനം' എന്ന പേരിൽ അനിയന്ത്രിതമായ ഉപഭോഗത്തിലേക്ക് നീങ്ങുകയാണ്. മനുഷ്യന്റെ ആവശ്യങ്ങളെക്കാൾ ആഗ്രഹങ്ങൾ വളരുന്നു. കൂടുതൽ ഉത്പാദനം, കൂടുതൽ

**ഒരു വൃക്ഷം നട്ടുപിടിപ്പിക്കുന്നത് പരിസ്ഥിതി പ്രവർത്തനം മാത്രമല്ല; അത് ഭാവിയോടുള്ള ഉത്തരവാദിത്തമാണ്. വെള്ളം പാഴാക്കാതിരിക്കുക ഒരു സാമ്പത്തികശീലം മാത്രമല്ല; അത് മനുഷ്യരാശിയോടുള്ള കടമയാണ്. മണ്ണിനെയും വായുവിനെയും നദികളെയും സംരക്ഷിക്കുന്നത് ജീവിതത്തെ തന്നെ സംരക്ഷിക്കലാണ്.**

ഉപഭോഗം, കൂടുതൽ മാലിന്യം എന്ന ചക്രം ഭൂമിയെ ക്ഷീണിപ്പിക്കുന്നു. ഭൂമിയിലെ വിഭവങ്ങൾ പരിമിതമാണെന്ന സത്യം മനുഷ്യൻ മറക്കുകയാണ്.

**മനുഷ്യൻ: അധിപനോ സംരക്ഷകനോ?**

ഭൂമിയെ മനുഷ്യൻ സ്വന്തമാക്കിയിട്ടില്ല. മറിച്ച് അവൻ ഒരു താൽക്കാലിക വാസിയാണ്. നമുക്ക് മുമ്പും അനവധി തലമുറകൾ ഇവിടെ ജീവിച്ചു. നമുക്കുശേഷവും തലമുറകൾ വരും. അതിനാൽ ഭൂമിയെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം ഓരോ മനുഷ്യനുമുണ്ട്.

ഒരു വൃക്ഷം നട്ടുപിടിപ്പിക്കുന്നത് പരിസ്ഥിതി പ്രവർത്തനം മാത്രമല്ല; അത് ഭാവിയോടുള്ള ഉത്തരവാദിത്തമാണ്. വെള്ളം പാഴാക്കാതിരിക്കുക ഒരു സാമ്പത്തികശീലം മാത്രമല്ല; അത് മനുഷ്യരാശിയോടുള്ള കടമയാണ്. മണ്ണിനെയും വായുവിനെയും നദികളെയും സംരക്ഷിക്കുന്നത് ജീവിതത്തെ തന്നെ സംരക്ഷിക്കലാണ്.

പ്രകൃതിയുമായുള്ള സമതുലിതബന്ധം നഷ്ടപ്പെടുമ്പോൾ മനുഷ്യൻ തന്റെ മനുഷ്യത്ത്വവും നഷ്ടപ്പെടുത്തുന്നു. കാരണം, പ്രകൃതിയെ ബഹുമാനിക്കാത്ത ഒരു സമൂഹം ഒടുവിൽ മനുഷ്യജീവിതത്തെയും ബഹുമാനിക്കാതെ പോകും.

**പ്രത്യാശയുടെ വഴികൾ**

എന്നിരുന്നാലും പ്രത്യാശയ്ക്ക് ഇടമുണ്ട്. ലോകമെമ്പാടും പരിസ്ഥിതിബോധം വർധിച്ചുവരുന്നു. പുനരുപയോഗം, വൃക്ഷത്തൈ നട്ടുവളർത്തൽ, ജലസംരക്ഷണം, ജൈവകൃഷി, പ്ലാസ്റ്റിക് നിയന്ത്രണം, ശുദ്ധഊർജം തുടങ്ങിയ മേഖലകളിൽ നിരവധി പ്രവർത്തനങ്ങൾ നടക്കുന്നു. വ്യക്തിപരമായ മാറ്റങ്ങൾ പോലും വലിയ സാമൂഹിക മാറ്റങ്ങൾക്ക് കാരണമാകാം.

ഒരു മനുഷ്യൻ ഒരു വൃക്ഷം നട്ടാൽ അത് ഒരു ചെറിയ പ്രവൃത്തിയാണെന്ന് തോന്നാം. എന്നാൽ കോടിക്കണക്കിന് ആളുകൾ അത് ചെയ്താൽ ഭൂമിയുടെ ഭാവി മാറാം. പരിസ്ഥിതി സംരക്ഷണം സർക്കാരുകളുടെ മാത്രം ബാധ്യതയല്ല; ഓരോ വ്യക്തിയുടെയും കുടുംബത്തിന്റെ

യും സമൂഹത്തിന്റെയും ഉത്തരവാദിത്തമാണ്. ഭൂമി നമ്മുടെ പൂർവികരിൽനിന്നും ലഭിച്ച സ്വത്തല്ല; നമ്മുടെ മക്കളിൽനിന്നും കടം വാങ്ങിയതാണ് എന്ന ചിന്ത മനുഷ്യൻ ഉൾക്കൊള്ളേണ്ട സമയമാണിത്.

**പരിസ്ഥിതി: ഇസ്‌ലാമിക വീക്ഷണം**

പരിസ്ഥിതി സംരക്ഷണം ഇന്ന് ലോകം ഏറെ പ്രാധാന്യത്തോടെ ചർച്ച ചെയ്യുന്ന വിഷയമാണ്. എന്നാൽ പ്രകൃതിയെയും ഭൂമിയെയും സംരക്ഷിക്കേണ്ടതിന്റെ സന്ദേശം ഇസ്‌ലാം നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ മനുഷ്യരാശിക്ക് നൽകിയിട്ടുണ്ട്. ഇസ്‌ലാമിൽ പരിസ്ഥിതി സംരക്ഷണം ഒരു സാമൂഹിക ബാധ്യത മാത്രമല്ല; അത് ആത്മീയവും ധാർമികവും വിശ്വാസപരവുമായ ഉത്തരവാദിത്തമാണ്.

ക്വുർആനും സുന്നത്തും മനുഷ്യനെ പ്രകൃതിയോട് ഉത്തരവാദിത്തമുള്ള ജീവിയായി അവതരിപ്പിക്കുന്നു. മനുഷ്യൻ ഭൂമിയുടെ ഉടമയല്ല; മറിച്ച് അല്ലാഹു ഏൽപിച്ച ഒരു അമാനത്ത് സംരക്ഷിക്കേണ്ട പ്രതിനിധിയാണ്. അതുകൊണ്ടുതന്നെ പ്രകൃതിയെ നശിപ്പിക്കുന്നത് ഇസ്‌ലാമിക ദൃഷ്ടിയിൽ ഒരു ധാർമിക തകർച്ച കൂടിയാണ്.

**ഭൂമി; അല്ലാഹുവിന്റെ സൃഷ്ടി**

ഇസ്‌ലാം മനുഷ്യനടക്കമുള്ള സകല സൃഷ്ടികളും അല്ലാഹുവിന്റെ ദാസന്മാരും അവന്റെ സൃഷ്ടികളുമാണെന്ന് പഠിപ്പിക്കുന്നു. ആകാശവും ഭൂമിയും പർവതങ്ങളും മരങ്ങളും നദികളും മൃഗങ്ങളും പക്ഷികളുമെല്ലാം അല്ലാഹുവിന്റെ കഴിവിന്റെ അടയാളങ്ങളാണ്.



അല്ലാഹു പറയുന്നു: “ആകാശഭൂമികളുടെ സൃഷ്ടിയിലും രാവും പകലും മാറിമാറി വരുന്നതിലും ബുദ്ധിമാന്മാർക്ക് ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്’’ (ക്വുർആൻ 3:190).

പ്രകൃതി വെറും ഉപഭോഗവസ്തുവല്ല; അത് മനുഷ്യനെ സ്രഷ്ടാവിലേക്ക് നയിക്കുന്ന അടയാളങ്ങളാണ്. മഴ പെയ്യുന്നതും ഭൂമി പച്ചപിടിക്കുന്നതും നദികൾ ഒഴുകുന്നതും സസ്യങ്ങൾ മുളയ്ക്കുന്നതുമെല്ലാം അല്ലാഹുവിന്റെ ശക്തിയുടെയും കരുണയുടെയും തെളിവുകളാണ്.

ക്വുർആനിൽ പല സ്ഥലങ്ങളിലും മനുഷ്യനെ പ്രകൃതിയിലേക്ക് നോക്കാനും ചിന്തിക്കാനും പ്രേരിപ്പിക്കുന്നതായി കാണാം. കാരണം, പ്രകൃതിയുമായി ബന്ധം നഷ്ടപ്പെടുന്ന മനുഷ്യൻ സ്രഷ്ടാവുമായുള്ള ബന്ധവും നഷ്ടപ്പെടുത്താൻ സാധ്യതയുണ്ട്. ഇന്നത്തെ മനുഷ്യർ ഭൂമിയെ ചൂഷണം ചെയ്യാനുള്ള വസ്തുവായി കാണുമ്പോൾ ഇസ്‌ലാം അതിനെ ഒരു അമാനത്തായി കാണുന്നു. അമാനത്ത് ദുരുപയോഗം ചെയ്യുന്നത് വിശ്വാസവഞ്ചനയാണ്. അതിനാൽ വനനശീകരണം, ജലമലിനീകരണം, വിഭവങ്ങളുടെ അമിതചൂഷണം, ജീവജാലങ്ങളുടെ നാശത്തിനിടവരുത്തൽ എന്നിവയെല്ലാം ഇസ്‌ലാമിക ദൃഷ്ടിയിൽ ഗൗരവമുള്ള ധാർമിക പ്രശ്നങ്ങളാണ്.

**ഭൂമിയിൽ നാശമുണ്ടാക്കരുത്**

അല്ലാഹു പറയുന്നു: “ഭൂമിയെ നന്നാക്കിയതിന് ശേഷം അതിൽ നിങ്ങൾ നാശമുണ്ടാക്കുകയും ചെയ്യരുത്...’’(ക്വുർആൻ 7:56).

ഇന്ന് മനുഷ്യൻ ഭൂമിയിൽ നടത്തുന്ന പരിസ്ഥിതി നശീകരണ

**ഒരു വൃക്ഷം നട്ടുപിടിപ്പിക്കൽ, വെള്ളം സംരക്ഷിക്കൽ, മാലിന്യം കുറയ്ക്കൽ, പൊതുസ്ഥലങ്ങൾ ശുചിയായി സൂക്ഷിക്കൽ, പ്രകൃതിയെ സംരക്ഷിക്കൽ എന്നിവയെല്ലാം നല്ല നിയ്യത്തോടെ ചെയ്യുമ്പോൾ അല്ലാഹുവിന്റെ പക്കൽ പ്രതിഫലം ലഭിക്കുന്ന പ്രവർത്തനങ്ങളായി മാറുന്നു. പരിസ്ഥിതി സംരക്ഷണം ഒരു ആധുനിക 'ട്രെൻഡ്' മാത്രമല്ല; അത് ഇസ്‌ലാമിക ജീവിതരീതിയുടെ അവിഭാജ്യഘടകവുമാണ് എന്നു സാരം. ഭൂമിയെ സംരക്ഷിക്കുക എന്നത് അല്ലാഹുവിന്റെ അമാനത്ത് സംരക്ഷിക്കലാണ്. പ്രകൃതിയെ ബഹുമാനിക്കുക എന്നത് സ്രഷ്ടാവിന്റെ സൃഷ്ടിയെ ബഹുമാനിക്കലാണ്.**

ങ്ങൾ ഈ ആയത്തിന്റെ വെളിച്ചത്തിൽ ചിന്തിക്കേണ്ടതാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുന്നത് മനുഷ്യൻ തന്നെയാണ്.

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: "മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും കുഴപ്പം പ്രത്യക്ഷപ്പെട്ടിരിക്കുന്നു ..."(ക്വുർആൻ 30:41)

ഈ ആയത്ത് ഇന്നത്തെ ലോകാവസ്ഥയെ അതിശയകരമായി പ്രതിഫലിപ്പിക്കുന്നതുപോലെയാണ്. കാലാവസ്ഥാവ്യതിയാനം, സമുദ്രമലിനീകരണം, വനനശീകരണം, ജലക്ഷാമം എന്നിവ മനുഷ്യന്റെ തന്നെ പ്രവൃത്തികളുടെ ഫലമാണ്.

**മിതത്വത്തിന്റെ ഇസ്‌ലാമിക പാഠങ്ങൾ**

പരിസ്ഥിതി പ്രതിസന്ധികളുടെ പ്രധാന കാരണങ്ങളിലൊന്ന് അതിരില്ലാത്ത ഉപഭോഗമാണ്. എന്നാൽ ഇസ്‌ലാം ജീവിതത്തിന്റെ എല്ലാ മേഖലകളിലും മിതത്വം പഠിപ്പിക്കുന്നു. അല്ലാഹു പറയുന്നു:

"നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. എന്നാൽ അതിരുവിടരുത്. തീർച്ചയായും അതിരുവിടുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല'' (ക്വുർആൻ 7:31).

ഈ ആയത്തിൽ പരാമർശിക്കുന്നത് അന്നപാനീയങ്ങളെക്കുറിച്ചാണെങ്കിലും അതിന്റെ തത്ത്വം ജീവിതത്തിന്റെ എല്ലാ മേഖലകൾക്കും ബാധകമാണ്. അമിത ഉപഭോഗം, പാഴാക്കൽ, പ്രകൃതിവിഭവങ്ങളുടെ ദുരുപയോഗം എന്നിവ ഇസ്‌ലാമിക ജീവിതരീതിയുമായി പൊരുത്തപ്പെടുന്നില്ല.

ഇന്ന് ഉപഭോഗസംസ്കാരം മനുഷ്യനെ ആവശ്യമില്ലാത്ത വസ്തുക്കൾ പോലും വാങ്ങാൻ പ്രേരിപ്പിക്കുന്നു. 'കൂടുതൽ സ്വന്തമാക്കുക' എന്ന ചിന്ത ഭൂമിയുടെ വിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യാൻ ഇടയാക്കുന്നു. എന്നാൽ ഇസ്‌ലാമാകട്ടെ എല്ലാ കാര്യങ്ങളിലും മിതത്വമാണ് പഠിപ്പിക്കുന്നത്.

**വെള്ളം പാഴാക്കരുത്**

പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ഇസ്‌ലാമിന്റെ ഏറ്റവും മനോഹരമായ പഠനങ്ങളിൽ ഒന്ന് ജലസംരക്ഷണത്തെക്കുറിച്ചുള്ളതാണ്.

അബ്ദില്ലാഹിബ്നു അംറ് ബ്നു ആസി(റ)ൽനിന്ന് നിവേദനം: "സഅ്ദ്(റ) വുദൂഅ് ചെയ്തുകൊണ്ടിരിക്കെ അതുവഴി ചെന്ന നബി(സ്വ) ചോദിച്ചു: 'ഇതെന്ത് ദുർവ്യയമാണ് സഅ്ദേ!' അദ്ദേഹം തിരിച്ചുചോദിച്ചു: 'വുദൂഇലും അമിതവ്യയമുണ്ടോ?' നബി(സ്വ) പറഞ്ഞു: 'ഉണ്ട്, ഒഴുകിക്കൊണ്ടിരിക്കുന്ന നദിയിൽനിന്നായാലും'' (അഹ്മദ്).

ഈ ഹദീസ് അതിശയകരമായ പരിസ്ഥിതിബോധമാണ് നൽകുന്നത്. വെള്ളം ധാരാളമായി ലഭ്യമായ സാഹചര്യത്തിലും പാഴാക്കരുത് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇന്ന് ലോകത്തിലെ പല പ്രദേശങ്ങളും രൂക്ഷമായ ജലക്ഷാമം നേരിടുകയാണ് എന്ന കാര്യമോർക്കുക.

**വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനുള്ള പ്രോത്സാഹനം**

നബി(സ്വ) പറഞ്ഞു: "ഒരു മുസ്‌ലിം ഒരു വൃക്ഷം നട്ടുപിടിപ്പിച്ചാൽ അതിൽനിന്ന് മനുഷ്യരോ മൃഗങ്ങളോ പക്ഷികളോ ഭക്ഷിക്കുന്നത് അവന് ദാനധർമമായിരിക്കും''(ബുഖാരി).

മറ്റൊരു ഹദീസ് കാണുക: നബി(സ്വ) പറഞ്ഞു: "അന്ത്യനാൾ സംഭവിക്കാനിരിക്കെ നിങ്ങളുടെ കൈയിൽ ഒരു തൈ ഉണ്ടെങ്കിൽ, അത് നട്ടുപിടിപ്പിക്കാൻ കഴിയുമെങ്കിൽ നിങ്ങൾ അത് നട്ടുപിടിപ്പിക്കട്ടെ" (മുസ്നദു അഹ്മദ്).

ലോകാവസാനം അടുത്താലും ചെയ്യാൻ കഴിയുന്ന ഒരു നല്ല കാര്യം ഉപേക്ഷിക്കരുത് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

**മൃഗങ്ങളോടുള്ള കരുണ**

പരിസ്ഥിതി സംരക്ഷണം മനുഷ്യനെ മാത്രം സംബന്ധിക്കുന്നതല്ല. മറ്റു ജീവജാലങ്ങളോടുള്ള സമീപനവും അതിന്റെ ഭാഗമാണ്. ഒരു പൂച്ചയെ പട്ടിണിക്കിട്ട് അതിന്റെ ജീവൻ പോകാനിടവരുത്തിയ സ്ത്രീ നരകാവകാശിയായതും ദാഹിച്ചുവലഞ്ഞ നായക്ക് വെള്ളം കൊടുത്ത ഒരാൾ സ്വർഗാവകാശിയായതുമായ സംഭവം നബി(സ്വ) വിവരിച്ചുതന്നിട്ടുണ്ട്.

മൃഗങ്ങളോടുള്ള ക്രൂരത പാപമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. വേട്ടയാടലിനും മൃഗങ്ങളെ കൊല്ലുന്നതിനും പോലും ധാർമിക നിയന്ത്രണങ്ങളുണ്ട്. മാംസത്തിനായി അറവു നടത്തുന്നതിൽ കർശനമായി പാലിക്കേണ്ട കാര്യങ്ങളുണ്ട്.

മൃഗത്തോട് വാത്സല്യവും കരുണയും കാണിക്കുകയും കൂടുതൽ പ്രയാസപ്പെടുത്താതെ അതിവേഗം ജീവൻ പോകാവുന്നവിധം അറുക്കുകയും ചെയ്യുവാനാണ് കൽപന. ബലിമൃഗത്തെ വീഴ്ത്തിയതിനുശേഷം ഒരുകാൽകൊണ്ട് അതിനെ ചവിട്ടിപ്പിടിച്ച അവസ്ഥയിൽ കത്തി മൂർച്ചകൂട്ടുന്ന ഒരാൾക്കരികിലൂടെ നബി(സ്വ) കടന്നുപോയി. അപ്പോൾ നബി(സ്വ) ചോദിച്ചു: 'ഇതിന് മുമ്പ് ആകാമായിരുന്നില്ലേ ഈ മൂർച്ചകൂട്ടൽ? നീ അതിനെ പലതവണ കൊല്ലാനാണോ ഉദ്ദേശിക്കുന്നത്?' (ഹാകിം, ത്വബ്റാനി).

ഇമാം നവവി(റഹി) പറയുന്നു: "മൃഗത്തിന്റെ മുമ്പിൽ വെച്ച് കത്തി മൂർച്ചകൂട്ടാതിരിക്കലും ഒരു മൃഗം നോക്കിനിൽക്കെ മറ്റൊന്നിനെ അറുക്കാതിരിക്കലും അറവുസ്ഥലത്തേക്ക് മൃഗത്തെ വലിച്ചിഴച്ച് കൊണ്ടു പോകാതിരിക്കലും അഭികാമ്യമാകുന്നു" (ശർഹു മുസ്‌ലിം 13/43).

**ശുചിത്വം; വിശ്വാസത്തിന്റെ ഭാഗം**

പരിസ്ഥിതി സംരക്ഷണത്തിന്റെ അടിസ്ഥാനഘടകങ്ങളിലൊന്നാണ് ശുചിത്വം. ഇസ്‌ലാം ശുചിത്വത്തിന് അസാധാരണമായ പ്രാധാന്യം നൽകുന്നു. നബി(സ്വ) പറഞ്ഞു: "ശുചിത്വം വിശ്വാസത്തിന്റെ പകുതിയാണ്"(മുസ്‌ലിം).

വഴിയിൽ കിടക്കുന്ന ഉപദ്രവകാരിയായ വസ്തു നീക്കം



ചെയ്യുന്നതുപോലും ധർമമായി ഇസ്‌ലാം പഠിപ്പിക്കുന്നു. പൊതുസ്ഥലങ്ങൾ മലിനമാക്കുന്നതും ഇസ്‌ലാമിക മര്യാദയ്ക്ക് വിരുദ്ധമാണ്.

**പരിസ്ഥിതി സംരക്ഷണം ആരാധനയുടെ ഭാഗമാകുമ്പോൾ**

ഇസ്‌ലാമിൽ ഇബാദത്ത് എന്നത് നമസ്കാരത്തിലും നോമ്പിലും മാത്രം ഒതുങ്ങുന്നില്ല. മനുഷ്യർക്കും സമൂഹത്തിനും ഭൂമിക്കും ഉപകാരപ്രദമായ എല്ലാ നല്ല പ്രവൃത്തികളും പ്രാർഥനയോടെയാകുമ്പോൾ ഇബാദത്താകും.

ഒരു വൃക്ഷം നട്ടുപിടിപ്പിക്കൽ, വെള്ളം സംരക്ഷിക്കൽ, മാലിന്യം കുറയ്ക്കൽ, പൊതുസ്ഥലങ്ങൾ ശുചിയായി സൂക്ഷിക്കൽ, പ്രകൃതിയെ സംരക്ഷിക്കൽ എന്നിവയെല്ലാം നല്ല നിയ്യത്തോടെ ചെയ്യുമ്പോൾ അല്ലാഹുവിന്റെ പക്കൽ പ്രതിഫലം ലഭിക്കുന്ന പ്രവർത്തനങ്ങളായി മാറുന്നു. പരിസ്ഥിതി സംരക്ഷണം ഒരു ആധുനിക 'ട്രെൻഡ്' മാത്രമല്ല; അത് ഇസ്‌ലാമിക ജീവിതരീതിയുടെ അവിഭാജ്യഘടകവുമാണ്

എന്നു സാരം. ഭൂമിയെ സംരക്ഷിക്കുക എന്നത് അല്ലാഹുവിന്റെ അമാനത്ത് സംരക്ഷിക്കലാണ്. പ്രകൃതിയെ ബഹുമാനിക്കുക എന്നത് സ്രഷ്ടാവിന്റെ സൃഷ്ടിയെ ബഹുമാനിക്കലാണ്.

**പരിസ്ഥിതി പ്രതിസന്ധികൾ: ആഗോള യാഥാർഥ്യങ്ങളും ഇന്ത്യൻ സാഹചര്യവും**

ഇന്ന് പരിസ്ഥിതിയെക്കുറിച്ചുള്ള ചർച്ചകൾ വെറും സിദ്ധാന്തപരമായ ആശങ്കകളല്ല. ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്നായി പരിസ്ഥിതി പ്രശ്നങ്ങൾ മാറിക്കഴിഞ്ഞിരിക്കുന്നു. കാലാവസ്ഥാവ്യതിയാനം മുതൽ വായുമലിനീകരണം വരെ, ജലക്ഷാമം മുതൽ ജീവജാലങ്ങളുടെ നാശം വരെ, മനുഷ്യന്റെ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുന്ന വെല്ലുവിളികളാണ് നമുക്ക് മുന്നിലുള്ളത്.

ഒരുകാലത്ത് 'ഭാവിയിലെ പ്രശ്നങ്ങൾ' എന്ന് കരുതപ്പെട്ടിരുന്ന പല കാര്യങ്ങളും ഇന്ന് നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞു. വേനലിന്റെ കാഠിന്യം വർധിക്കുന്നു. മഴയുടെ സ്വഭാവം മാറുന്നു. നഗരങ്ങൾ ശ്വസിക്കാൻ പോലും ബുദ്ധിമുട്ടുള്ള ഇടങ്ങളാകുന്നു. പ്രകൃതിദുരന്തങ്ങൾ കൂടുതൽ രൂക്ഷമാകുന്നു. ഇതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളല്ല; മനുഷ്യന്റെ അനിയന്ത്രിതമായ വികസന മാതൃകയുടെ ഫലങ്ങളാണ്.

**ആഗോള താപനം: ഭൂമി ചൂടാകുമ്പോൾ**

ലോകം ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്ന പരിസ്ഥിതി വിഷയമാണ് 'ഗ്ലോബൽ വാർമിങ്' അഥവാ 'ആഗോള താപനം.' ഭൂമിയുടെ ശരാശരി താപനില

**കേരളം പോലുള്ള മഴ സമൃദ്ധമായ സംസ്ഥാനത്തുപോലും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ആശങ്കാജനകമാണ്. മഴ ലഭിച്ചിട്ടും വെള്ളം സംഭരിക്കാത്തതും പ്രകൃതിദത്ത ജലസ്രോതസ്സുകൾ നശിപ്പിക്കുന്നതും പ്രശ്നം രൂക്ഷമാക്കുന്നു. അടുത്ത ലോകമഹായുദ്ധം വെള്ളത്തിനു വേണ്ടിയായിരിക്കുമെന്ന, മുൻ ഈജിപ്ഷ്യൻ വിദേശകാര്യ മന്ത്രിയും ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറലുമായ ബുട്രോസ് ബുട്രോസ്-ഗാലിയുടെ നിരീക്ഷണം ഏറെ പ്രസക്തമാണ്.**

ഉയരുന്ന പ്രതിഭാസത്തെയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വ്യവസായവൽക്കരണത്തിന് ശേഷം ഫോസിൽ ഇന്ധനങ്ങളുടെ അമിതോപയോഗം, വനനശീകരണം, കാർബൺ ഡൈ ഓക്സൈഡ് ഉൾപ്പെടെയുള്ള ഹരിതഗൃഹ വാതകങ്ങളുടെ വർധന എന്നിവ ഭൂമിയുടെ അന്തരീക്ഷത്തെ മാറ്റിമറിച്ചു. ഇതിന്റെ ഫലമായി ഭൂമിയിലെ ചൂട് ക്രമേണ ഉയരുകയാണ്. ഇതിന്റെ പ്രത്യാഘാതങ്ങൾ ലോകം ഇതിനകം അനുഭവിച്ചുതുടങ്ങിയിട്ടുണ്ട്:

- ഹിമാനികൾ ഉരുകുന്നു.
- സമുദ്രനിരപ്പ് ഉയരുന്നു.
- ശക്തമായ ചൂട് തരംഗങ്ങൾ വർധിക്കുന്നു.
- കാട്ടുതീ കൂടുതൽ വ്യാപകമാകുന്നു.
- അതിശക്തമായ മഴയും പ്രളയവും പതിവാകുന്നു.
- വരൾച്ചയും ഭക്ഷ്യക്ഷാമവും വർധിക്കുന്നു

ചില ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകുന്നത്, ഇപ്പോഴത്തെ രീതിയിൽ മനുഷ്യർ മുന്നോട്ടുപോയാൽ ഭൂമിയിലെ ചില പ്രദേശങ്ങൾ ഭാവിയിൽ മനുഷ്യവാസത്തിന് തന്നെ അനുയോജ്യമല്ലാതാകാൻ സാധ്യതയുണ്ടെന്നാണ്.

**കാലാവസ്ഥാ വ്യതിയാനത്തിന്റെ മനുഷ്യച്ചെലവ്**

പരിസ്ഥിതി പ്രതിസന്ധി പ്രകൃതിയെ മാത്രം ബാധിക്കുന്നില്ല; അത് മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും ബാധിക്കുന്നു. കാർഷിക മേഖല അതിന്റെ ഏറ്റവും വലിയ ഇരകളിലൊന്നാണ്. കാലാവസ്ഥയുടെ അനിശ്ചിതത്വം കർഷകരെ ഗുരുതരമായി ബാധിക്കുന്നു. മഴ ലഭിക്കേണ്ട സമയത്ത് ലഭിക്കാത്തതും അതിശക്തമായ മഴ വിളകൾ നശിപ്പിക്കുന്നതും ഭക്ഷ്യോൽപാദനത്തെ ബാധിക്കുന്നു.

അതുപോലെ ആരോഗ്യ മേഖലയിലും വലിയ പ്രത്യാഘാതങ്ങളുണ്ട്. ചൂട് വർധിക്കുന്നത് ഹൃദ്രോഗ

ങ്ങളും ശ്വാസകോശ രോഗങ്ങളും വർധിപ്പിക്കുന്നു. മലിനജലം രോഗങ്ങൾക്ക് കാരണമാകുന്നു. കാലാവസ്ഥാമാറ്റങ്ങൾ പുതിയ രോഗവ്യാപനങ്ങൾക്കും ഇടയാക്കുന്നു. ലോകബാങ്ക് ഉൾപ്പെടെയുള്ളവയുടെ വിവിധ അന്താരാഷ്ട്ര പഠനങ്ങൾ കാലാവസ്ഥാവ്യതിയാനം ഭാവിയിൽ വലിയ തോതിലുള്ള കുടിയേറ്റത്തിനും സാമ്പത്തിക പ്രതിസന്ധികൾക്കും കാരണമാകുമെന്ന് മുന്നറിയിപ്പ് നൽകുന്നുണ്ട്.

**വായു മലിനീകരണം**

ഇന്നത്തെ ലോകത്തിലെ ഏറ്റവും ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളിലൊന്നാണ് വായു മലിനീകരണം. വ്യവസായശാലകൾ, വാഹനങ്ങൾ, കൽക്കരി ഉപയോഗം, നിർമാണപ്രവർത്തനങ്ങൾ, മാലിന്യങ്ങൾ കത്തിക്കൽ തുടങ്ങിയവ വായുവിന്റെ ഗുണനിലവാരം അപകടകരമായി കുറയ്ക്കുന്നു. ഇന്ത്യയിലെ പല നഗരങ്ങളും ലോകത്തിലെ ഏറ്റവും മലിനമായ നഗരങ്ങളുടെ പട്ടികയിൽ ഇടംപിടിക്കുന്നുണ്ട്. പ്രത്യേകിച്ച് ഡൽഹി വായു മലിനീകരണത്തിന്റെ പ്രതീകമായി മാറിയിരിക്കുന്നു.

ശൈത്യകാലത്ത് ഡൽഹിയിലെ വായു ഗുണനിലവാരം അത്യന്തം അപകടകരമായ നിലയിലെത്താറുണ്ട്. വാഹനപുക, ഫാക്ടറി മലിനീകരണം, നിർമാണ പൊടി, കർഷകർ വയലുകളിൽ അവശിഷ്ടങ്ങൾ കത്തിക്കൽ എന്നിവ ചേർന്നാണ് ഈ ദുരവസ്ഥ ഉണ്ടാകുന്നത്.

ഡൽഹിയിലെ വായുമലിനീകരണം കുട്ടികളെയും മുതിർന്നവരെയും ഏറ്റവും കൂടുതൽ ബാധിക്കുന്നു. ആസ്ത്മ, ശ്വാസതടസ്സം, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ എന്നിവ വർധിക്കുന്നതായി ആരോഗ്യവിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു. ചില റിപ്പോർട്ടുകൾ പ്രകാരം ഡൽഹിയിൽ ഒരു ദിവസം ശ്വസിക്കുന്ന വായു പല സിഗരറ്റുകൾ വലിക്കുന്നതിനു തുല്യമായ ദോഷം വരുത്തുന്നുവെന്നാണ് പറയപ്പെടുന്നത്. ഇത് ഡൽഹിയുടെ മാത്രം പ്രശ്നമല്ല. മുംബൈ, കൊൽക്കത്ത, ബെംഗളൂരു, ചെന്നൈ തുടങ്ങി ഇന്ത്യയിലെ പല നഗരങ്ങളും മലിനീകരണത്തിന്റെ ഭീഷണി നേരിടുന്നു.



**പ്ലാസ്റ്റിക് സംസ്കാരം: സൗകര്യത്തിന്റെ വിഷഫലം**

ആധുനിക ജീവിതത്തിന്റെ ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നങ്ങളിൽ ഒന്നാണ് പ്ലാസ്റ്റിക് മലിനീകരണം. പ്ലാസ്റ്റിക് ഉപയോഗം എളുപ്പമാണ്, ചെലവ് കുറവാണ്, ദീർഘകാലം നിലനിൽക്കും. എന്നാൽ അതുതന്നെയാണ് അതിന്റെ ഏറ്റവും വലിയ അപകടവും.

പ്ലാസ്റ്റിക് വളരെ പതുക്കെയാണ് നശിക്കുന്നത്. പല പ്ലാസ്റ്റിക് വസ്തുക്കളും നൂറുകണക്കിന് വർഷങ്ങൾ നിലനിൽക്കും. ഇന്ന് സമുദ്രങ്ങളിലും നദികളിലും കാടുകളിലും മണ്ണിലും എല്ലായിടത്തും പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞുകിടക്കുകയാണ്. സമുദ്രജീവികൾ പ്ലാസ്റ്റിക് വിഴുങ്ങി മരിക്കുന്നു. മൈക്രോ പ്ലാസ്റ്റിക്കുകൾ ഭക്ഷ്യശൃംഖലയിൽ കടന്നുകൂടുന്നു. മനുഷ്യന്റെ ശരീരത്തിലും പ്ലാസ്റ്റിക് കണങ്ങൾ കണ്ടെത്തപ്പെടുന്നുവെന്നത് വലിയ ആശങ്കയാണ്.

കേരളത്തിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിയ പ്രശ്നമായി മാറിയിട്ടുണ്ട്. തോടുകളും കനാലുകളും മാലിന്യങ്ങൾ നിറഞ്ഞ് ഒഴുക്ക് തടസ്സപ്പെടുമ്പോൾ പ്രളയ സാധ്യതകളും വർധിക്കുന്നു.

*(തുടരും)*



# കൗമാരക്കാരെ മനസ്സിലാക്കുക

## ആഷിഖ.എ.വി, നടുവട്ടം

ഇന്ന് സമൂഹത്തിൽ കൗമാരക്കാരെ കുറിച്ചുള്ള ആക്ഷേപം കൂടുതലാണ്. അവരുടെ പെരുമാറ്റം, വേഷധാരണം, സംസാരശൈലി, സുഹൃദ് ബന്ധം, ന്യൂജൻ ആശയങ്ങൾ എന്നിവയെ കുറിച്ച് മുതിർന്നവർ പരാതിപ്പെടുന്നു. കൗമാരക്കാരെ കുറ്റപ്പെടുത്താൻ എളുപ്പമാണ്, എന്നാൽ അവരെ മനസ്സിലാക്കാനാണ് പ്രയാസം.

പുതിയ ചിന്തകളും സ്വപ്നങ്ങളും പ്രതീക്ഷകളും നിറഞ്ഞ കൗമാര കാലം എത്ര സുന്ദരമാണ്! പൂവിടാൻ തുടങ്ങുന്ന കൊമ്പുപോലെ മനസ്സും ശരീരവും പുതുമയിലേക്ക് വിരിയുന്നു. ബാല്യത്തിന്റെ നിറങ്ങളും യൗവനത്തിന്റെ സ്വപ്നങ്ങളും കൈകോർക്കുന്ന കൗമാരത്തിൽ ജീവിതം വർണങ്ങളണിയുന്നു. വസന്ത കാലത്ത് ചിലപ്പോൾ കാറ്റും മഴയും ഉണ്ടാകാറില്ലേ, അതുപോലെ വെല്ലുവിളികളും ഉണ്ടാകും.  ഇന്ന് സമൂഹത്തിൽ കൗമാരക്കാരെ കുറിച്ചുള്ള ആക്ഷേപം കൂടുതലാണ്. അവരുടെ പെരുമാറ്റം, വേഷധാരണം, സംസാരശൈലി, സുഹൃദ് ബന്ധം, ന്യൂജൻ ആശയങ്ങൾ എന്നിവയെ കുറിച്ച് മുതിർന്നവർ പരാതിപ്പെടുന്നു. കൗമാരക്കാരെ കുറ്റപ്പെടുത്താൻ എളുപ്പമാണ്, എന്നാൽ അവരെ മനസ്സിലാക്കാനാണ് പ്രയാസം.

ഈ പ്രായക്കാരുടെ ജീവിതത്തിൽ

മാതാപിതാക്കൾക്ക് വളരെ വലിയ പങ്കുണ്ട്. കുട്ടികൾക്ക് സ്നേഹവും സുരക്ഷയും പരിഗണനയും ആവശ്യമാണ്. എന്നാൽ പലപ്പോഴും മാതാപിതാക്കളിൽ അത് കർശനമായ നിയന്ത്രണമായി മാറുന്നു. കുട്ടികളിൽ സംഭവിക്കുന്ന അബദ്ധങ്ങളിൽ എടുത്തുചാടി ശകാരിക്കുകയും അടിക്കുകയുമാണ് മിക്ക രക്ഷിതാക്കളും ചെയ്യാറുള്ളത്. അവർ ചെയ്യേണ്ടത് തെറ്റു സംഭവിച്ചതിന്റെ കാരണങ്ങളും സാഹചര്യവും മനസ്സിലാക്കുകയാണ്. മക്കളോട് ഉള്ളുതുറന്ന് സംസാരിക്കാൻ സമയം കണ്ടെത്തണം. ഞങ്ങൾ നിന്റെ കൂടെയുണ്ട് എന്നൊരു ബോധം കുട്ടിക്ക് നൽകാൻ കഴിയുമ്പോഴാണ് ഒരാൾ മികച്ച രക്ഷിതാവായി മാറുന്നത്. അപ്പോഴാണ് കുട്ടികൾക്ക് സുരക്ഷിതത്വ ബോധമുണ്ടാവുക.

അധ്യാപകർ തങ്ങളുടെ മുമ്പിലിരിക്കുന്ന കൗമാരക്കാരായ വിദ്യാർഥികളെ അപമാനിക്കാതെയും മറ്റുള്ളവരുമായി താരതമ്യം ചെയ്ത് കൊച്ചാക്കാതെയും പ്രോത്സാഹിപ്പിച്ച് മുന്നോട്ട് നയിക്കുകയാണെങ്കിൽ കുട്ടികൾ അനുസരണയുള്ളവരും സന്തുഷ്ടരുമായി മാറും.

സോഷ്യൽ മീഡിയയുടെ സ്വാധീനം പുതിയ അറിവുകളും സൗഹൃദങ്ങളും വളർത്തുന്നതോടൊപ്പം പ്രശ്നങ്ങളിലേക്ക് എടുത്തുചാടാനും കാരണമാകുന്നുണ്ട്. ലൈക്കുകളെയും ഫോളോവേഴ്സിനെയും കാത്തിരിക്കുന്ന കൗമാരക്കാരെ അടച്ചാക്ഷേപിക്കരുത്, സോഷ്യൽ മീഡിയ തെറ്റാണെന്ന് പറഞ്ഞാൽ അവർ അംഗീകരിക്കാൻ പോകുന്നില്ല. ഉത്തരവാദിത്തത്തോടെ, തിന്മകളിൽ ചെന്നുചാടാതെ ഉപയോഗിക്കാൻ പറയുകയാണ് വേണ്ടത്.

**സ്ത്രീ-പുരുഷ ബന്ധങ്ങളിലെ ഇസ്‌ലാമിക അതിർവരമ്പുകളും അത് ലംഘിച്ചിലുണ്ടാകുന്ന ഇഹപര നഷ്ടങ്ങളും അവരെ ബോധ്യപ്പെടുത്തുക തന്നെ വേണം. അതുപോലെ ബന്ധങ്ങളിലെ ചെറിയ മാറ്റങ്ങൾ പോലും മനസ്സിൽ സ്വാധീനം ചെലുത്തും. സുഹൃത്തുക്കളിൽനിന്നുമുള്ള ചെറിയ അവഗണന ആഴത്തിലുള്ള വിഷമം ഉണ്ടാക്കിയേക്കാം. അവരുടെ മനസ്സ് പ്രശ്നങ്ങളാൽ നിറഞ്ഞതല്ല, മറിച്ച് മനോഹരമായ ലോകമാണ്. ശരിയായ മാർഗ നിർദേശങ്ങളും കരുതലും ലഭിക്കുമ്പോൾ അവർ മികച്ച പൗരന്മാരും നല്ല വിശ്വാസികളുമായി മാറും.**

കൂട്ടുകാരില്ലാത്ത ഒരു ലോകം ചിന്തിക്കാൻ പോലും കഴിയാത്ത തലമുറയാണ് ഇന്നുള്ളത്. കൂട്ടുകാർ അവരുടെ ജീവിതത്തിന്റെ നിറങ്ങളാണ്. എന്നാൽ നല്ല കൂട്ടുകാർ ജീവിതത്തെ പ്രകാശിപ്പിക്കുമ്പോൾ തെറ്റായ കൂട്ടുകാർ വെളിച്ചം കെടുത്തിയേക്കാം. അതുകൊണ്ട് നല്ല കൂട്ടുകാരെ തെരഞ്ഞെടുക്കാനും ചീത്ത കൂട്ടുകെട്ടിൽ അകപ്പെടാതിരിക്കാനും ഉപദേശിക്കുക. ചീത്ത കൂട്ടുകെട്ടിന്റെ ദുരന്തഫലങ്ങൾ എത്രയോ പറഞ്ഞുകൊടുക്കാൻ നമുക്ക് കഴിയുമല്ലോ.

പ്രത്യേക ബന്ധങ്ങളോടുള്ള ആകർഷണങ്ങളും ഈയൊരു ഘട്ടത്തിൽ ഉണ്ടാകുന്നു. ആരുടെയെങ്കിലും പ്രത്യേകമായ കരുതലും ശ്രദ്ധയും പ്രണയമെന്ന വികാരത്തിലേക്ക് എത്തിക്കും. സ്ത്രീ-പുരുഷ ബന്ധങ്ങളിലെ ഇസ്‌ലാമിക അതിർവരമ്പുകളും അത് ലംഘിച്ചിലുണ്ടാകുന്ന ഇഹപര നഷ്ടങ്ങളും അവരെ ബോധ്യപ്പെടുത്തുക തന്നെ വേണം. അതുപോലെ ബന്ധങ്ങളിലെ ചെറിയ മാറ്റങ്ങൾ പോലും മനസ്സിൽ സ്വാധീനം ചെലുത്തും. സുഹൃത്തുക്കളിൽനിന്നുമുള്ള ചെറിയ അവഗണന ആഴത്തിലുള്ള വിഷമം ഉണ്ടാക്കിയേക്കാം. അവരുടെ മനസ്സ് പ്രശ്നങ്ങളാൽ നിറഞ്ഞതല്ല, മറിച്ച് മനോഹരമായ ലോകമാണ്. ശരിയായ മാർഗനിർദേശങ്ങളും കരുതലും ലഭിക്കുമ്പോൾ അവർ മികച്ച പൗരന്മാരും നല്ല വിശ്വാസികളു മായി മാറും. ■

# സൂറ: അശ്ശുഅറാഅ്

കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

قَالَ رَبُّ الْمَشْرِقِ وَالْمَغْرِبِ وَمَا بَيْنَهُمَا ۖ إِن كُنتُمْ تَعْقِلُونَ ﴿٢٨﴾

28 അദ്ദേഹം (മൂസാ) പറഞ്ഞു: 'ഉദയസ്ഥാനത്തിന്റെയും അസ്തമയസ്ഥനത്തിന്റെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ (അവൻ). നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നവരാണെങ്കിൽ!

*ലോകരക്ഷിതാവിനെ ഫിർഔൻ നിരാകരിക്കുകയും നിഷേധിക്കുകയും ചെയ്തതിനോട് പ്രതികരിച്ചുകൊണ്ട് മൂസാ നബി പറഞ്ഞു: (ഉദയസ്ഥാനത്തിന്റെയും അസ്തമയ സ്ഥാനത്തിന്റെയും അവയ്ക്കിടയിൽ ഉള്ളതിന്റെയും രക്ഷിതാവത്രെ) മറ്റെല്ലാ സൃഷ്ടികളുടെയും. (നിങ്ങൾ ചിന്തിച്ചുമനസ്സിലാക്കുന്നവരാണെങ്കിൽ) യുക്തിപരമായി ചിന്തിക്കാൻ ഏറ്റവും കുറച്ച് സാധിക്കുന്നവർക്ക് പോലും മനസ്സിലാക്കാൻ കഴിയുന്ന വിധത്തിൽ നിങ്ങളോട് വിശദീകരിച്ചു. അപ്പോൾ ഞാൻ പറയുന്ന കാര്യങ്ങൾ അവഗണിക്കുന്നതുകൊണ്ട് നിങ്ങൾക്ക് എന്ത് പ്രയോജനം? മൂസാ നബിയിൽ ആരോപിച്ച ഭ്രാന്ത് അവർക്കാണെന്ന് ഇതിൽ വ്യക്തമായ സൂചനയുണ്ട്. കാരണം നിങ്ങൾ ഏറ്റവും ബുദ്ധിമാനായ വ്യക്തിയെയാണ് ഭ്രാന്തൻ എന്ന് വിളിച്ചത്. വാസ്തവത്തിൽ നിങ്ങളാണ് ഭ്രാന്തന്മാർ. കാരണം ആകാശങ്ങളെയും ഭൂമിയെയും അവയ്ക്കിടയിലുള്ള എല്ലാറ്റിനെയും സൃഷ്ടിച്ചവൻ. സർവ സൃഷ്ടികളും അവന്റെ അസ്തിത്വത്തെ അംഗീകരിക്കുന്നു. അതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്. നിങ്ങൾ അവനെ നിഷേധിക്കുകയാണെങ്കിൽ നിങ്ങൾക്ക് എന്താണ് അംഗീകരിക്കാൻ കഴിയുക? നിങ്ങൾക്ക് അവനെക്കുറിച്ച് അറിയില്ലെങ്കിൽ നിങ്ങൾക്ക് എന്തറിയാം? നിങ്ങൾ അവനിലും അവന്റെ ദൃഷ്ടാന്തങ്ങളിലും വിശ്വസിക്കുന്നില്ലെങ്കിൽ അതല്ലാത്ത എന്തിലാണ് നിങ്ങൾക്ക് വിശ്വസിക്കാനാവുക? തീർച്ചയായും ഭ്രാന്തന്മാരും മൃഗങ്ങളും നിങ്ങളെക്കാൾ ബുദ്ധിയുള്ളവരാണ്. മേഞ്ഞുനടക്കുന്ന മൃഗങ്ങൾ നിങ്ങളെക്കാൾ നേർവഴിയിലുമാണ്.*

قَالَ لَئِنِ اتَّخَذْتَ إِلَٰهًا غَيْرِي لَأَجْعَلَنَّكَ مِنَ الْمَسْجُونِينَ ﴿٢٩﴾

29 അവൻ (ഫിർഔൻ) പറഞ്ഞു: ഞാനല്ലാത്ത വല്ല ദൈവത്തെയും നീ സ്വീകരിക്കുകയാണെങ്കിൽ തീർച്ചയായും നിന്നെ ഞാൻ തടവുകാരുടെ കൂട്ടത്തിലാക്കുന്നതാണ്.'

*മൂസാ(അ) ഫിർഔനെ തർക്കത്തിൽ തോൽപിക്കുകയും മറുപടി പറയാൻ കഴിയാതെ വരികയും ചെയ്തപ്പോൾ മൂസായെ തന്റെ ശക്തിയുടെ അടിസ്ഥാനത്തിൽ ഭീഷണിപ്പെടുത്തി. (ഞാനല്ലാതെ വല്ല ദൈവത്തെയും നീ സ്വീകരിക്കുകയാണെങ്കിൽ തീർച്ചയായും നിന്നെ ഞാൻ തടവുകാരുടെ കൂട്ടത്തിൽ ആക്കുന്നതാണ്) മൂസാ നബിയെ വഴിതെറ്റിക്കാൻ അവൻ -അവനെ അല്ലാഹു ശപിക്കട്ടെ- ആഗ്രഹിച്ചു. അവനല്ലാത്ത ഒരു ദൈവത്തെയും ആരാധ്യനായി അദ്ദേഹം സ്വീകരിക്കില്ലെന്ന് അവനറിയാം. മൂസാ നബിക്കും കൂടെയുള്ളവർക്കും തങ്ങളുടെ വിശ്വാസത്തെക്കുറിച്ച് ശക്തമായ ധാരണയുണ്ടെന്നും അവരെ വഴിതെറ്റിക്കാൻ ആവില്ലെന്നുമറിയാം.*

قَالَ أَوَلَوْ جِئْتُكَ بِشَيْءٍ مُّبِينٍ ۝٣٠

30 അദ്ദേഹം (മൂസാ) പറഞ്ഞു: സ്പഷ്ടമായ എന്തെങ്കിലും തെളിവു ഞാൻ നിനക്ക് കൊണ്ടു വന്നുകാണിച്ചാലും (നീ സമ്മതിക്കുകയില്ലേ?)

*മൂസാ നബി(അ) അവനോട് പറഞ്ഞു: (സ്പഷ്ടമായ എന്തെങ്കിലും തെളിവ് ഞാൻ നിനക്ക് കൊണ്ടു വന്നു കാണിച്ചാലോ?) അതായത്, ഞാൻ കൊണ്ടുവന്നതിന്റെ സത്യത ബോധ്യപ്പെടാവുന്ന വ്യക്തവും പ്രകടവുമായ അസാധാരണ സംഭവങ്ങൾ ഞാൻ കൊണ്ടുവന്നാലും നീ വിശ്വസിക്കില്ലെന്നാണോ?*

قَالَ فَأْتِ بِهِۦٓ إِن كُنتَ مِنَ الصَّادِقِينَ ۝٣١

31–32

അവൻ (ഫിർഔൻ) പറഞ്ഞു: 'എന്നാൽ നീ അത് കൊണ്ടുവരിക; നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ.'

فَأَلْقَىٰ عَصَاهُ فَإِذَا هِيَ ثُعْبَانٌ مُّبِينٌ ۝٣٢

അപ്പോൾ അദ്ദേഹം (മൂസാ) തന്റെ വടി താഴെയിട്ടു. അപ്പോഴതാ അത് പ്രത്യക്ഷമായ ഒരു സർപ്പമായി മാറുന്നു.

*അവൻ പറഞ്ഞു: 'എന്നാൽ നീ അതു കൊണ്ടുവരിക; നീ സത്യവാന്മാരിൽ പെട്ടവനാണെങ്കിൽ.' (അപ്പോൾ അദ്ദേഹം തന്റെ വടി താഴെയിട്ടു. അപ്പോഴതാ അത് പ്രത്യക്ഷമായ ഒരു സർപ്പമായി മാറുന്നു). ഒരു ആൺസർപ്പം. പാമ്പിനു വേണ്ടി ഇവിടെ ഉപയോഗിച്ച അറബിപദം ഒരു ആൺപാമ്പിനെ സൂചിപ്പിക്കുന്നു. (പ്രത്യക്ഷമായ) എല്ലാവർക്കും കാണാൻ കഴിയുന്നത്. ഭാവനയിൽ അല്ല; പാമ്പിനെ പോലെ തോന്നിപ്പിക്കുന്നതുമല്ല.*

وَنَزَعَ يَدَهُۥ فَإِذَا هِيَ بَيْضَآءُ لِلنَّاظِرِينَ ۝٣٣

33 അദ്ദേഹം തന്റെ കൈ പുറത്തേക്കെടുക്കുകയും ചെയ്തു. അപ്പോഴതാ അത് കാണികൾക്ക് വെള്ളനിറമാകുന്നു.

*തന്റെ വസ്ത്രത്തിൽനിന്നും (അദ്ദേഹം തന്റെ കൈ പുറത്തേക്കെടുത്തു). (അപ്പോഴതാ അത് കാണികൾക്ക് വെള്ളനിറം ആകുന്നു) വലിയ പ്രകാശത്തോടെ കാഴ്ചക്കാർക്ക് കാണാൻ കഴിയുന്ന തരത്തിൽ.*

قَالَ لِلْمَلَإِ حَوْلَهُۥٓ إِنَّ هَٰذَا لَسَاحِرٌ عَلِيمٌ ۝٣٤

34–35

തന്റെ ചുറ്റുമുള്ള പ്രമുഖൻമാരോട് അവൻ (ഫിർഔൻ) പറഞ്ഞു: 'തീർച്ചയായും ഇവൻ വിവരമുള്ള ഒരു ജാലവിദ്യക്കാരൻ തന്നെയാണ്.'

يُرِيدُ أَن يُخْرِجَكُم مِّنْ أَرْضِكُم بِسِحْرِهِۦ فَمَاذَا تَأْمُرُونَ ۝٣٥

'തന്റെ ജാലവിദ്യകൊണ്ട് നിങ്ങളുടെ നാട്ടിൽനിന്ന് നിങ്ങളെ പുറത്താക്കാൻ അവൻ ഉദ്ദേശിക്കുന്നു. അതിനാൽ നിങ്ങൾ എന്ത് നിർദേശിക്കുന്നു?'

*ഫിർഔൻ (പറഞ്ഞു:) (തന്റെ ചുറ്റുമുള്ള പ്രമുഖന്മാരോട്) സത്യത്തെയും അതുകൊണ്ടുവന്നവനെയും എതിർത്ത് ഫിർഔൻ തന്റെ ചുറ്റുമുള്ള പ്രമാണിമാരോട് പറഞ്ഞു: (തീർച്ചയായും ഇവൻ വിവരമുള്ള ഒരു ജാലവിദ്യക്കാരൻ തന്നെയാണ്. തന്റെ ജാലവിദ്യകൊണ്ട് നിങ്ങളുടെ നാട്ടിൽനിന്ന് നിങ്ങളെ പുറത്താക്കാൻ അവൻ ഉദ്ദേശിക്കുന്നു) അവർക്ക് ബുദ്ധി കുറവാണെന്ന് അറിയുന്നതിനാൽ അവൻ അവരെ ആശയക്കുഴപ്പത്തിലാക്കാൻ ശ്രമിച്ചു. ഇത് മാന്ത്രികന്മാർ ചെയ്യുന്നതുപോലെയുള്ള പ്രവൃത്തിയാണെന്ന് അവൻ അവരോട് പറഞ്ഞു. കാരണം സാധാരണ ആളുകൾക്ക് ചെയ്യാൻ കഴിയാത്ത ചില അത്ഭുതകരമായ കുസൃതികൾ മാന്ത്രികർക്ക് ചെയ്യാൻ കഴിയുമെന്നത് അവർക്കറിയുന്ന കാര്യമായിരുന്നു. ഈ മാന്ത്രികവിദ്യയിലൂടെ അവരെ നാട്ടിൽനിന്ന് പുറത്താക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് പറഞ്ഞു അവൻ അവരെ ഭയപ്പെടുത്തി. അവരുടെ മക്കളിൽനിന്നും വീടുകളിൽനിന്നും അവരെ പുറത്താക്കാൻ ശ്രമിക്കുന്നവരെ തുറന്നുകാട്ടാൻ അവൻ കഠിനമായി പരിശ്രമിച്ചു. (അതിനാൽ നിങ്ങൾ എന്തു നിർദേശിക്കുന്നു?) നാം എന്താണ് അവനെ ചെയ്യേണ്ടത്?*

## 36 – 37

قَالُوٓا أَرْجِهْ وَأَخَاهُ وَابْعَثْ فِى الْمَدَآئِنِ حَاشِرِينَ ﴿٣٦﴾

അവർ പറഞ്ഞു: 'അവന്നും അവന്റെ സഹോദരന്നും താങ്കൾ സാവകാശം നൽകുക. ആളുകളെ വിളിച്ചുകൂട്ടാൻ നഗരങ്ങളിലേക്ക് താങ്കൾ ദൂതൻമാരെ നിയോഗിക്കുകയും ചെയ്യുക.'

يَأْتُوكَ بِكُلِّ سَحَّارٍ عَلِيمٍ ﴿٣٧﴾

'എല്ലാ വിവരമുള്ള ജാലവിദ്യക്കാരെയും അവർ താങ്കളുടെ അടുത്ത് കൊണ്ടുവരട്ടെ.'

*(അവർ പറഞ്ഞു: അവനും അവന്റെ സഹോദരനും നിങ്ങൾ സാവകാശം നൽകുക) അവർ അൽപസമയം കാത്തിരിക്കട്ടെ. അതായത്, അവരെ താമസിപ്പിക്കുക. (ആളുകളെ വിളിച്ചുകൂട്ടാൻ നഗരങ്ങളിലേക്ക് താങ്കൾ ദൂതന്മാരെ നിയോഗിക്കുകയും ചെയ്യുക) അതായത് അറിവിന്റെ കേന്ദ്രങ്ങളും സിഹ്റിന്റെ ഉത്ഭവസ്ഥലങ്ങളുമായ എല്ലാ പട്ടണങ്ങളിലേക്കും സന്ദേശം അയക്കുക. കൂടാതെ അറിവുള്ള എല്ലാ വിദഗ്ധ മാന്ത്രികരെയും വിളിച്ചുകൂട്ടാനും ആളുകളെ അയക്കുക. ഒരു മാന്ത്രികൻ അവന്റെ മന്ത്രവിദ്യക്ക് സമാനമായതിനോട് ഏറ്റുമുട്ടുന്നു.*

*ഇത് അല്ലാഹു തന്റെ അടിമകളോട് കാണിച്ച ദയയാണ്. അതായത് മൂസാ(അ) കൊണ്ടുവന്നത് മാന്ത്രികതയായാണെന്ന് പറഞ്ഞു തെറ്റിദ്ധരിപ്പിച്ച് ജനങ്ങളെ പിഴപ്പിക്കാൻ ഉദ്ദേശിക്കുന്ന അജ്ഞനായ ഫിർഔനിന്റെ തനിനിറം അല്ലാഹു തന്റെ അടിമകൾക്ക് തുറന്നുകാണിച്ചു. എല്ലാ വിദഗ്ധരായ ജാലവിദ്യക്കാരെയും ഒരുമിച്ചുകൂട്ടാൻ അല്ലാഹു തീരുമാനിച്ചു. എന്നിട്ട് ധാരാളമാളുകളുടെ സാന്നിധ്യത്തിൽ ഒരു സമ്മേളനം നടത്തുക. അപ്പോൾ അസത്യത്തിൽനിന്നും സത്യം വെളിവാകും. അറിവുള്ളവർക്കും മാന്ത്രികവിദ്യയിൽ വൈദഗ്ധ്യമുള്ളവർക്കും മൂസാ കൊണ്ടുവന്നതിന്റെ സത്യാവസ്ഥ ബോധ്യമാകും. അദ്ദേഹം കൊണ്ടുവന്ന അത്ഭുതങ്ങൾ മാന്ത്രിക വിദ്യയല്ലെന്ന് സ്ഥിരീകരിക്കപ്പെടുകയും ചെയ്യും. തന്റെ പ്രമാണിമാരുടെ ഉപദേശപ്രകാരമാണ് ഫിർഔൻ അത് ചെയ്തത്. അവൻ മാന്ത്രികന്മാരെ കൂട്ടി വരാൻ ദൂതന്മാരെ പട്ടണങ്ങളിലേക്ക് അയച്ചു. അതിനായി അവർ കഠിനമായി പരിശ്രമിച്ചു.*



# ഇബ്നു ബൈതാർ:

## ഔഷധ നിർമാണ രംഗത്തെ അതുല്യ പ്രതിഭ


ഡോ. ടി. കെ. യൂസുഫ്
: 9349798262

വൈദ്യശാസ്ത്ര രംഗത്ത് ശ്രദ്ധേയരായ എല്ലാ മുസ്‌ലിം പ്രതിഭകളും ഓരോ സർവവിജ്ഞാന കോശങ്ങളായിരുന്നു എന്നു പറയാം. ഇബ്നു ബൈതാർ കഴിവു തെളിയിച്ചത് ഔഷധ നിർമാണ രംഗത്തും സസ്യശാസ്ത്രത്തിലുമായിരുന്നു. അബൂ മുഹമ്മദ് ദിയാഉദ്ദീൻ അബ്ദുല്ലാഹ് ബിൻ അഹ്മദ് അൽമാലികി എന്നാണ് അദ്ദേഹത്തിന്റെ പേര്. പതിനാറാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സ്പെയിനിലെ മാലിക പട്ടണത്തിലാണ് അദ്ദേഹം ജനിച്ചത്.

അദ്ദേഹത്തിന്റെ പിതാവ് സമർഥനായ ഒരു മൃഗഡോക്ടറായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന് 'ഇബ്നു ബൈതാർ' എന്ന സ്ഥാനപ്പേര് ലഭിച്ചത്.

കുട്ടിക്കാലം അദ്ദേഹം ചെലവഴിച്ചത് തന്റെ ഗ്രാമത്തിനടുത്തുള്ള ഒരു കാട്ടിലാണ്. അതുകൊണ്ട് ചെറുപ്പത്തിൽതന്നെ അദ്ദേഹത്തിന് പ്രകൃതിയോട് സ്നേഹമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആദ്യ പള്ളിക്കൂടം വനപ്രദേശമായിരുന്നു. സസ്യവൈവിധ്യം ബാല്യകാലം മുതൽതന്നെ അദ്ദേഹത്തിന്റെ പഠന വിഷയമായിരുന്നു. പിന്നീട് അദ്ദേഹം സസ്യശാസ്ത്രത്തിൽ പ്രസിദ്ധരായിരുന്ന അബുൽ അബ്ബാസിനെ പോലുള്ളവരുടെ ശിഷ്യത്വം സ്വീകരിച്ചു. എന്നാൽ അക്കാലത്തെ മുഴുവൻ സസ്യശാസ്ത്രജ്ഞന്മാരെക്കാളും മികവ് അദ്ദേഹം പ്രകടമാക്കുകയുണ്ടായി.

അങ്ങേയറ്റം വിജ്ഞാന കുതുകിയായിരുന്ന ഇബ്നു ബൈതാർ തന്റെ ഇരുപതാം വയസ്സിൽ അറിവ് തേടിയുള്ള യാത്രയാരംഭിച്ചു. ഒട്ടേറെ പ്രയാസങ്ങൾ സഹിച്ച് അദ്ദേഹം ഗ്രീക്ക്, റോം, മൊറോക്കോ, ടുണിസ്, സിറിയ, ബൈറൂത്, ഈജിപ്ത് എന്നീ രാജ്യങ്ങളിലൂടെ സഞ്ചരിച്ചു. അവിടെയുള്ള സസ്യശാസ്ത്രജ്ഞന്മാരുടെ സഹകരണത്തോടെ അദ്ദേഹം സസ്യങ്ങളുടെ സവിശേഷതകളെ കുറിച്ച് ആഴത്തിൽ പഠിച്ചു. ഓരോ സസ്യത്തെയും, അത് വളരുന്ന പ്രദേശത്ത് ചെന്നുതന്നെ അതിനെക്കുറിച്ച് പഠിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ദമാസ്ക്സിൽ വച്ചാണ് തനിക്ക് കൂടുതൽ ചെടികളെക്കുറിച്ച് പഠിക്കാൻ കഴിഞ്ഞതെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്. പിന്നീട് അദ്ദേഹം ഈജിപ്തിൽ




സ്ഥിരതാമസമാക്കുകയും അവിടുത്തെ ഭരണാധികാരി അദ്ദേഹത്തെ ഈ രംഗത്തെ ഒരു മേധാവിയായി നിയമിക്കുകയും ചെയ്തു. ഔഷധനിർമാണ രംഗം ഭരണകൂടം അദ്ദേഹത്തെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

സസ്യശാസ്ത്ര രംഗത്ത് മുൻഗാമികളുടെ കണ്ടെത്തലുകൾ പരീക്ഷണനിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ വികസിപ്പിക്കാനാണ് ഇബ്നു ബൈതാർ ശ്രമിച്ചത്. ഗ്രീക്ക്, പേർഷ്യൻ തുടങ്ങി അനേകം ഭാഷകൾ അറിയാമായിരുന്ന ഇബ്നു ബൈതാറിന് ഈ ഭാഷകളിലെല്ലാം എഴുതപ്പെട്ട ഔഷധസസ്യ ഗ്രന്ഥങ്ങൾ പഠനവിധേയമാക്കാൻ പ്രയാസമുണ്ടായിരുന്നില്ല. സസ്യശാസത്രത്തിൽ പത്താം നൂറ്റാണ്ടുവരെ രചിക്കപ്പെട്ടതിൽ ഏറ്റവും പ്രസിദ്ധമായത് എന്നാണ് യൂറോപ്യന്മാർ അദ്ദേഹത്തിന്റെ 'അൽജാമിഉൽ മുഫ്റദാത്ത് ഫിൽ അദ്‌വിയത്തി വൽഅഗ്ദിയ' എന്ന

ഗ്രന്ഥത്തെ കുറിച്ച് വിശേഷിപ്പിച്ചത്. ഈ ഗ്രന്ഥത്തിന്റെ നാലു വാല്യങ്ങൾ ഇന്ന് നമുക്ക് https://www.noor-book.com എന്ന വെബ്സൈറ്റിൽനിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാനാകും.

ചരിത്രാതീതകാലം മുതൽ മനുഷ്യർ ഉപയോഗിച്ച് വരുന്ന എല്ലാ ഔഷധ സസ്യങ്ങളെക്കുറിച്ചും അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. ദിസ്ക്കോറീഡസിന്റെയും ഗാലന്റെയും ഗ്രന്ഥങ്ങളിൽ പറയപ്പെട്ട മുഴുവൻ ഔഷധച്ചെടികളെയും അതിൽ പരാമർശിക്കുന്നതായി കാണാം. വായനക്കാരുടെ സൗകര്യാർഥം അക്ഷരമാലാക്രമത്തിലാണ് ചെടികളെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ വിശദീകരിച്ചിരിക്കുന്നത്. മൊത്തം 1400 ഔഷധച്ചെടികളെക്കുറിച്ചുള്ള വിവരങ്ങളാണ് അതിലടങ്ങിയിരിക്കുന്നത്. അതിൽ 300 എണ്ണം മറ്റു ഗ്രന്ഥങ്ങളിൽനിന്നുമല്ലാതെ അദ്ദേഹം സ്വന്തമായി കണ്ടെത്തിയതാണ്. നൂറ്റി അമ്പതോളം ഗ്രന്ഥങ്ങൾ ഇതിന്റെ

**ഗ്രീക്ക്, പേർഷ്യൻ തുടങ്ങി അനേകം ഭാഷകൾ അറിയാമായിരുന്ന ഇബ്നു ബൈതാറിന് ഈ ഭാഷകളിലെല്ലാം എഴുതപ്പെട്ട ഔഷധസസ്യ ഗ്രന്ഥങ്ങൾ പഠനവിധേയമാക്കാൻ പ്രയാസമുണ്ടായിരുന്നില്ല. സസ്യശാസ്ത്രത്തിൽ പത്താം നൂറ്റാണ്ടുവരെ രചിക്കപ്പെട്ടതിൽ ഏറ്റവും പ്രസിദ്ധമായത് എന്നാണ് യൂറോപ്യന്മാർ അദ്ദേഹത്തിന്റെ 'അൽജാമിഉൽ മുഫ്റദാത്ത് ഫിൽ അദ്‌വിയത്തി വൽഅഗ്ദിയ' എന്ന ഗ്രന്ഥത്തെ കുറിച്ച് വിശേഷിപ്പിച്ചത്.**

രചനക്ക് അദ്ദേഹം അവലംബിച്ചിട്ടുണ്ട്. അതിൽ ഇരുപതെണ്ണവും ഗ്രീക്ക് ഭാഷയിലുള്ളതാണ്. ഓരോ ചെടിയും വളരുന്ന പ്രദേശത്തെയും അതിൽ വിവരിച്ചിട്ടുണ്ട്. ഓരോന്നിന്റെയും ഔഷധ ഗുണങ്ങളും അവ സൂക്ഷിച്ചുവയ്ക്കാനുള്ള മാർഗങ്ങളും അദ്ദേഹം നിർദേശിക്കുന്നുണ്ട്. ഒട്ടേറെ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട 'അൽജാമിഉൽ മുഫ്റദാത്ത് ഫിൽ അദ്‌വിയത്തി വൽഅഗ്ദിയ' എന്ന ഗ്രന്ഥം യൂറോപ്യൻ യൂണിവേഴ്സിറ്റികളിൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. അറബി ഭാഷയിൽ നാല് വാല്യങ്ങളുള്ള ഒരു പതിപ്പ് 1874ൽ ഈജിപ്തിലും രണ്ട് വാല്യങ്ങളുള്ള ഒരു പതിപ്പ് 1980ൽ ബൈറുത്തിലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ഇതിന്റെ കയ്യെഴുത്ത് പ്രതികൾ ലോകത്തിലെ പല ഗ്രന്ഥശാലകളിലും മ്യൂസിയങ്ങളിലും സൂക്ഷിക്കപ്പെടുന്നുമുണ്ട്.

'അൽമുഗ്നി ഫീ അദ്‌വിയത്തിൽ മുഫ്റദ' എന്ന ഗ്രന്ഥമാണ് ഇബ്നു ബൈതാറിന്റെ മറ്റൊരു പ്രസിദ്ധ കൃതി. ശരീരത്തിലെ ഓരോ അവയവത്തിന്റെയും രോഗങ്ങൾക്ക് ഏതെല്ലാം ഔഷധങ്ങൾ പ്രയോഗിക്കാം എന്നാണ് സംക്ഷിപ്തമായി അതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഡോക്ടർമാർക്കും വൈദ്യവിദ്യാർഥികൾക്കും വളരെ പ്രയോജനപ്രദമായ ഒരു റഫറൻസ് ഗ്രന്ഥമാണിത്. ഔഷധ സസ്യങ്ങളെക്കുറിച്ച് പൂർവികർ പല ഭാഷകളിലും രേഖപ്പെടുത്തിയ വിവരങ്ങൾ ബൃഹത്തായ ഒരു ഗ്രന്ഥത്തിൽ സമാഹരിച്ചുകൊണ്ട് വൈദ്യശാസ്ത്രത്തിന് മഹത്തായ സംഭാവനകളർപ്പിച്ച ഇബ്നു ബൈതാർ 1248ൽ ദമാസ്ക്കസിൽവച്ച് ഈ ലോകത്തോട് വിടപറഞ്ഞു.

*(തുടരും)*



# അനന്തമായ ആകാശലോകം; പ്രപഞ്ചത്തിന്റെ ദിവ്യരഹസ്യങ്ങൾ

അഫ്താബ് കണ്ണഞ്ചേരി
: 9886147443

മനുഷ്യൻ എന്നാണോ ആദ്യമായി ആകാശത്തിന്റെ അനന്തതയിലേക്ക് കണ്ണുനട്ടത്, അന്നു തുടങ്ങിയതാണ് അവന്റെ അത്ഭുതം. ഇരുളിൽ മിന്നിമറയുന്ന അഗ്നിഗോളങ്ങൾ വെറുമൊരു കാഴ്ചയായിരുന്നില്ല, മറിച്ച് വരുംതലമുറകൾക്ക് ഉത്തരം കണ്ടെത്താനുള്ള നിഗൂഢമായ ഒരു പ്രഹേളികയായിരുന്നു. യുഗങ്ങൾക്കിപ്പുറം, ആ അത്ഭുതം കേവലം കവിതയല്ല, മറിച്ച് അമ്പരപ്പിക്കുന്ന ഗണിതശാസ്ത്രപരമായ സത്യമാണെന്ന് നാം തിരിച്ചറിയുന്നു. ഓരോ നക്ഷത്രവ്യൂഹവും ഓരോ ഗാലക്സിയും വെറുതെ എറിഞ്ഞുപിടിപ്പിച്ച വെളിച്ചക്കീറുകളല്ല; മനുഷ്യബുദ്ധിക്ക് പൂർണമായി ഉൾക്കൊള്ളാൻ കഴിയാത്തവിധം അതിസൂക്ഷ്മമായി പ്ലാൻ ചെയ്ത ഒരു മഹാസ്രഷ്ടാവിന്റെ കയ്യൊപ്പാണ്.

മണലാരണ്യത്തിൽ പാതി പൂണ്ടുപോയ, അതിസൂക്ഷ്മമായി നിർമിച്ച ഒരു വാച്ച് കണ്ടെത്തുന്നു എന്ന് കരുതുക. അതിന്റെ ഓരോ കുഞ്ഞുഗിയറുകളും സ്പ്രിങ്ങുകളും അവയുടേതായ ധർമം നിർവഹിക്കുന്നത് കാണുമ്പോൾ, അതിനു പിന്നിൽ അസാമാന്യബുദ്ധിയുള്ള ഒരു നിർമാതാവുണ്ട് എന്ന് നാം ഉറച്ചുവിശ്വസിക്കും. പ്രപഞ്ചത്തിന്റെ

ഓരോ പാളിയും ഇഴപിരിച്ചു പരിശോധിക്കുമ്പോൾ, ഏതൊരു വാച്ചിനെക്കാളും സങ്കീർണമായ 'ഗിയറുകൾ' അവിടെ നിശ്ശബ്ദമായി പ്രവർത്തിക്കുന്നതു കാണാം. ഇതെല്ലാം വിരൽചൂണ്ടുന്നത് ഒരു മഹാശിൽപിയിലേക്കാണ്.

**ടെലിസ്കോപ്പുകൾ:**
**കാലത്തെ അതിജീവിക്കുന്ന കണ്ണുകൾ**

പ്രപഞ്ചത്തിന്റെ വിസ്മയങ്ങൾ അനാവരണം ചെയ്യാൻ മനുഷ്യനെ സഹായിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഉപകരണമാണ് ടെലിസ്കോപ്പുകൾ. നമ്മുടെ നഗ്നനേത്രങ്ങൾക്ക് കാണാൻ കഴിയാത്തത്ര അകലെയുള്ള വസ്തുക്കളെ അടുത്തു കാണിക്കുക മാത്രമല്ല അവ ചെയ്യുന്നത്; മറിച്ച് 'കാലത്തിലൂടെ പിന്നിലേക്ക് സഞ്ചരിക്കാൻ' നമ്മെ പ്രാപ്തരാക്കുന്ന ഒരു ടൈം മെഷീൻ കൂടിയാണത്. ദൂരെയുള്ള നക്ഷത്രങ്ങളിൽനിന്ന് പുറപ്പെടുന്ന മങ്ങിയ പ്രകാശരശ്മികളെ വലിയ കണ്ണാടികൾ ഉപയോഗിച്ച് ശേഖരിക്കുമ്പോൾ നാം യഥാർഥത്തിൽ കാണുന്നത് ആയിരക്കണക്കിന് കോടി വർഷങ്ങൾ പഴക്കമുള്ള പ്രപഞ്ചചരിത്രമാണ്. ശൂന്യതയിലൂടെ ഒരു തടസ്സവുമില്ലാതെ സഞ്ചരിച്ച് ആ പ്രകാശകണം നമ്മുടെ ടെലിസ്കോപ്പിന്റെ കണ്ണാടിയിൽ കൃത്യമായി വന്നു പതിക്കുമ്പോൾ, മനുഷ്യചരിത്രത്തിന് മുൻപുള്ള പ്രപഞ്ചരഹസ്യങ്ങൾ നമുക്ക് മുന്നിൽ തെളിയുന്നു.

**ഭൂമിയുടെ കാവൽക്കാർ: സൗരയൂഥത്തിലെ ആസൂത്രിത ക്രമീകരണം**

സൗരയൂഥം കേവലം ഗ്രഹങ്ങളുടെ കൂട്ടമല്ല, മറിച്ച് അതിസൂക്ഷ്മമായി ക്രമീകരിക്കപ്പെട്ട ഒരു സുരക്ഷാവലയമാണ്. അവിടെ ഓരോ അംഗവും ഭൂമിയിലെ ജീവന്റെ നിലനിൽപിനായി അനിവാര്യമായ ധർമങ്ങൾ നിർവഹിക്കുന്നു.

**നമ്മുടെ നഗ്നനേത്രങ്ങൾക്ക് കാണാൻ കഴിയാത്തത്ര അകലെയുള്ള വസ്തുക്കളെ അടുത്തു കാണിക്കുക മാത്രമല്ല അവ ചെയ്യുന്നത്; മറിച്ച് 'കാലത്തിലൂടെ പിന്നിലേക്ക് സഞ്ചരിക്കാൻ' നമ്മെ പ്രാപ്തരാക്കുന്ന ഒരു ടൈം മെഷീൻ കൂടിയാണത്. ദൂരെയുള്ള നക്ഷത്രങ്ങളിൽനിന്ന് പുറപ്പെടുന്ന മങ്ങിയ പ്രകാശരശ്മികളെ വലിയ കണ്ണാടികൾ ഉപയോഗിച്ച് ശേഖരിക്കുമ്പോൾ നാം യഥാർഥത്തിൽ കാണുന്നത് ആയിരക്കണക്കിന് കോടി വർഷങ്ങൾ പഴക്കമുള്ള പ്രപഞ്ച ചരിത്രമാണ്.**

*ചന്ദ്രൻ (ഗുരുത്വാകർഷണത്തിന്റെ നങ്കൂരം):* ഭൂമി അതിന്റെ അച്ചുതണ്ടിൽ 23.5 ഡിഗ്രി ചരിഞ്ഞാണ് നിൽക്കുന്നത്. ഈ കൃത്യമായ ചരിവാണ് ഭൂമിയിൽ ജീവന് അനുകൂലമായ ഋതുഭേദങ്ങളും സ്ഥിരമായ കാലാവസ്ഥയും ഉറപ്പാക്കുന്നത്. ചന്ദ്രന്റെ വലിപ്പവും അതിന്റെ ഗുരുത്വാകർഷണ ബലവുമാണ് ഭൂമിയുടെ ഈ ചരിവിനെ ഒരു നങ്കൂരം പോലെ മാറ്റമില്ലാതെ പിടിച്ചുനിർത്തുന്നത്. ചന്ദ്രൻ എന്ന ഈ വിശ്വസ്തനായ കാവൽക്കാരൻ ഇല്ലായിരുന്നെങ്കിൽ ഭൂമി ഒരു പമ്പരം പോലെ ആടിക്കളിക്കുകയും കാലാവസ്ഥയിൽ ജീവന് അസാധ്യമായ വൻ തകർച്ചകൾ ഉണ്ടാകുകയും ചെയ്യുമായിരുന്നു.

*വ്യാഴം (കോസ്മിക് വാക്വം ക്ലീനർ):* സൗരയൂഥത്തിലെ ഗ്രഹങ്ങളിൽ ഏറ്റവും വലിപ്പമേറിയ വ്യാഴം ഭൂമിയുടെ ഒരു 'അദൃശ്യ കവച'മാണ്. ഒരു മുറിയിലെ പൊടിയും മാലിന്യങ്ങളും വാക്വം ക്ലീനർ വലിച്ചെടുക്കുന്നതുപോലെ, വ്യാഴം അതിന്റെ അതിശക്തമായ ഗുരുത്വാകർഷണ ബലം ഉപയോഗിച്ച് ഭൂമിയെ ലക്ഷ്യമാക്കി വരുന്ന ഉൽക്കകളെയും വാൽനക്ഷത്രങ്ങളെയും തന്നിലേക്ക് ആവാഹിക്കുന്നു. 1994ൽ 'ഷൂമാക്കർ-ലെവി 9' എന്ന വാൽനക്ഷത്രം വ്യാഴത്തിൽ പതിച്ചപ്പോൾ ആ ശക്തി കണ്ട് ശാസ്ത്രലോകം അമ്പരന്നു. വ്യാഴം എന്ന ഈ രക്ഷകൻ ഇല്ലായിരുന്നെങ്കിൽ ഭൂമി ബഹിരാകാശ ശിലകളുടെ നിരന്തരമായ പ്രഹരത്താൽ വാസയോ

ഗ്യമല്ലാതായി മാറിയേനെ.

**ഗോൾഡിലോക്സ് സോൺ: ജീവന്റെ അതിസൂക്ഷ്മ അതിരുകൾ**

ഒരു നക്ഷത്രത്തിന് ചുറ്റും ജീവൻ നിലനിൽക്കാൻ അനുയോജ്യമായ ദൂരപരിധിയെയാണ് ഗോൾഡി ലോക്സ് സോൺ (Habitable Zone) എന്ന് വിളിക്കുന്നത്. ഒരു ഗ്രഹത്തിലെ താപനില ജലം ദ്രാവകാവസ്ഥയിൽ നിലനിൽക്കാൻ പാകത്തിനുള്ളതായിരിക്കണം. സൂര്യനോട് അധികം അടുത്താണെങ്കിൽ ചൂട് കാരണം ജലം നീരാവിയായി പോകും. (ഉദാഹരണത്തിന് ശുക്രൻ). സൂര്യനിൽനിന്ന് വല്ലാതെ അകലെയാണെങ്കിൽ ജലം മഞ്ഞുകട്ടയായി മാറും (ഉദാഹരണത്തിന് ചൊവ്വയ്ക്കപ്പുറമുള്ള ഗ്രഹങ്ങൾ).

*ആസൂത്രിത സ്ഥാനം:* ഭൂമി സൂര്യനിൽനിന്ന് കൃത്യമായ ഈ മേഖലയിലാണ് സ്ഥിതിചെയ്യുന്നത്. ഈ ദൂരത്തിൽ വെറും 5% മാറ്റം വന്നിരുന്നെങ്കിൽ പോലും ഭൂമി ഒന്നുകിൽ കരിഞ്ഞുപോകുമായിരുന്നു, അല്ലെങ്കിൽ മരവിച്ചുപോകുമായിരുന്നു. ജലം ദ്രാവകാവസ്ഥയിൽ ലഭിക്കുന്നത് കേവലം യാദൃച്ഛികമല്ല, മറിച്ച് ജീവനുവേണ്ടിയുള്ള കൃത്യമായ ക്രമീകരണമാണ്.

**ഗാലക്സികളുടെ മഹാസമുദ്രം: ക്രമീകൃതമായ അനന്തത**

നമ്മുടെ ഗാലക്സിയായ ആകാശഗംഗയിൽ (Milky Way) മാത്രം 40,000 കോടി നക്ഷത്രങ്ങളുണ്ട്. പ്രപഞ്ചത്തിലാകട്ടെ ഇതുപോലുള്ള രണ്ടു ലക്ഷം കോടി ഗാലക്സികൾ ഉണ്ടെന്ന് കരുതപ്പെടുന്നു.

*കോസ്മിക് വെബ്:* ഗാലക്സികൾ ഒരു 'ചിലന്തിവല' പോലെ നിഗൂഢമായ ഇഴകളാൽ (Cosmic Web) ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ ബൃഹത്തായ ഘടനയ്ക്ക് മനുഷ്യമസ്തിഷ്കത്തിലെ നാഡീവ്യൂഹങ്ങളുമായി അത്ഭുതകരമായ സാമ്യമുണ്ട് എന്നത് ശാസ്ത്രത്തെ വിസ്മയിപ്പിക്കുന്നു.

*ഗാലക്സി ഹബിറ്റബിൾ സോൺ:* സൂര്യൻ ആകാശഗംഗയുടെ കേന്ദ്രത്തിലുള്ള കറുത്ത കുഴികളിൽ നിന്നോ സ്ഫോടനാത്മകമായ നക്ഷത്രങ്ങളിൽനിന്നോ സുരക്ഷിതമായ അകലത്തിൽ സ്ഥിതി ചെയ്യുന്നത് കൊണ്ടാണ് നാം ഭൂമിയിൽ നിലനിൽക്കുന്നത്.

**വികസിക്കുന്ന പ്രപഞ്ചം: സെക്കൻഡിലെ കോടിയിലൊരംശത്തിന്റെ കൃത്യത**

ഏകദേശം 1,380 കോടി വർഷങ്ങൾക്ക് മുമ്പ് ഒരു മഹാവിസ്ഫോടനത്തിലൂടെയാണ് (Big Bang) പ്രപഞ്ചം ഉത്ഭവിച്ചതെന്ന് ശാസ്ത്രം പറയുന്നു. അന്ന് തുടങ്ങിയ പ്രപഞ്ചത്തിന്റെ വികാസം പരിശോധിച്ചാൽ ഏതൊരു ബുദ്ധിയെയും അത് അമ്പരപ്പിക്കും.

*വികാസത്തിന്റെ വേഗത (Expansion Rate):* പ്രപഞ്ചം വികസിക്കുന്ന വേഗത അൽപം പോലും കൂടിപ്പോയിരുന്നെങ്കിൽ, ഗുരുത്വാകർഷണത്തിന് ദ്രവ്യത്തെ (Matter) ഒരുമിച്ച് നിർത്താൻ കഴിയുമായിരുന്നില്ല. നക്ഷത്രങ്ങളോ ഗാലക്സികളോ രൂപപ്പെടാതെ പ്രപഞ്ചം വെറുമൊരു വാതകക്കൂട്ടമായി ചിത റിപ്പോകുമായിരുന്നു.

*ഗുരുത്വാകർഷണത്തിന്റെ സന്തുലിതാവസ്ഥ:* വികാസത്തിന്റെ വേഗത അൽപം കുറഞ്ഞിരുന്നെങ്കിൽ, വികാസം തുടങ്ങി നിമിഷങ്ങൾക്കകം തന്നെ ഗുരുത്വാകർഷണംമൂലം പ്രപഞ്ചം തിരികെ ചുരുങ്ങി നശിക്കുമായിരുന്നു (Big Crunch).

*അവിശ്വസനീയമായ കൃത്യത:* വികാസത്തിന്റെ ഈ



> **പ്രപഞ്ചം ഒരു സ്ഫോടനത്തിന്റെ അവശിഷ്ടങ്ങളല്ല; മറിച്ച് കൃത്യമായ ലക്ഷ്യത്തോടുകൂടി നിർമിക്കപ്പെട്ട ഒരു അത്ഭുതമാണ്. ലക്ഷക്കണക്കിന് ഭാഗങ്ങളുള്ള ഒരു യന്ത്രം താനേ ഉണ്ടായതാണെന്ന് നാം വിശ്വസിക്കില്ലെങ്കിൽ, അതിനെക്കാൾ സങ്കീർണമായ കോടിക്കണക്കിന് ഗാലക്സികളും അവയെ നിലനിർത്തുന്ന ഭൗതിക നിയമങ്ങളും എങ്ങനെയുണ്ടാകുന്നു?**

വേഗതയും ഗുരുത്വാകർഷണവും തമ്മിലുള്ള തുലനാവസ്ഥ ഒരു സെക്കൻഡിലെ കോടിയിലൊരംശം പോലും തെറ്റാതെയുള്ളതാണ്. ഒരു സൂചിയെ അതിന്റെ മുനയിൽ കോടിക്കണക്കിന് വർഷം ബാലൻസ് ചെയ്തു നിർത്തുന്നതിനെക്കാൾ വലിയ അത്ഭുതമാണിത്. ഈ കൃത്യത യാദൃച്ഛികമായി ഉണ്ടായതല്ല, മറിച്ച് ഒരു മഹാശിൽപിയുടെ അളവറ്റ ജ്ഞാനത്തിന്റെ ഫലമാണ്.

**അറിവിനുമപ്പുറം**

മനുഷ്യമസ്തിഷ്കം പ്രപഞ്ചത്തിലെ ഏറ്റവും സങ്കീർണമായ വസ്തുവാണെങ്കിലും അത് ഉപയോഗിച്ച് പ്രപഞ്ചത്തെ അളക്കാൻ ശ്രമിക്കുമ്പോൾ നാം നമ്മുടെ ബുദ്ധിയുടെ പരിമിതികളെ തിരിച്ചറിയുന്നു.

*അദൃശ്യമായ 95 ശതമാനം:* നാം കാണുന്ന നക്ഷത്രങ്ങളും ഗ്രഹങ്ങളും പ്രപഞ്ചത്തിന്റെ വെറും 5 ശതമാനം മാത്രമാണ്. ബാക്കി 95 ശതമാനവും ഡാർക്ക് മാറ്ററും ഡാർക്ക് എനർജിയുമാണ്.

*നിയമങ്ങളുടെ വ്യക്തത:* പ്രപഞ്ചം കൃത്യമായ ഗണിതശാസ്ത്ര നിയമങ്ങൾ പാലിക്കുന്നു എന്നത് തന്നെ അതിന് പിന്നിൽ ഒരു മഹാബോധം (Supreme Intelligence) ഉണ്ടെന്നതിന്റെ തെളിവാണ്. ഈ ഭൗതികലോകത്തിനപ്പുറം കരുണാമയനും ജ്ഞാനിയുമായ ഒരു നിർമാതാവിന്റെ കയ്യൊപ്പുണ്ടെന്ന് പ്രപഞ്ചരഹസ്യങ്ങൾ വിളിച്ചു പറയുന്നു.

**മഹാബോധത്തിന്റെ വിരലടയാളങ്ങൾ**

പ്രപഞ്ചം ഒരു സ്ഫോടനത്തിന്റെ അവശിഷ്ടങ്ങളല്ല; മറിച്ച് കൃത്യമായ ലക്ഷ്യത്തോടുകൂടി നിർമിക്കപ്പെട്ട ഒരു അത്ഭുതമാണ്. ലക്ഷക്കണക്കിന് ഭാഗങ്ങളുള്ള ഒരു യന്ത്രം താനേ ഉണ്ടായതാണെന്ന് നാം വിശ്വസിക്കില്ലെങ്കിൽ, അതിനെക്കാൾ സങ്കീർണമായ കോടിക്കണക്കിന് ഗാലക്സികളും അവയെ നിലനിർത്തുന്ന ഭൗതിക നിയമങ്ങളും എങ്ങനെയുണ്ടാകുന്നു?

ശാസ്ത്രം 'എങ്ങനെ' എന്ന് വിശദീകരിക്കുമ്പോൾ, നമ്മുടെ മനസ്സാക്ഷി 'ആര്' എന്ന ചോദ്യത്തിന് ഉത്തരം നൽകുന്നു. വികാസത്തിലെ കൃത്യതയാകട്ടെ, ഭൂമിക്ക് കാവലൊരുക്കുന്ന വ്യാഴമാകട്ടെ, ചന്ദ്രനാകട്ടെ, ഇതെല്ലാം പറയുന്നത് ഈ മഹാപ്രപഞ്ചം ഒരു യാദൃച്ഛികതയല്ല, മറിച്ച് അതിസൂക്ഷ്മമായി സംവിധാനം ചെയ്ത ഒരു കലാസൃഷ്ടിയാണ് എന്നാണ്. ഈ അനന്തമായ ശിൽപകലയ്ക്കു പിന്നിൽ ഒരു മഹാശിൽപി (The Architect) ഉണ്ടെന്നത് വസ്തുതകളുടെ സ്വാഭാവികമായ അന്ത്യമാണ്. ശാസ്ത്രം അറിവിന്റെ വാതിലുകൾ തുറക്കുമ്പോൾ, നാം അവിടെ കാണുന്നത് പ്രപഞ്ചനാഥന്റെ മഹത്ത്വമാണ്. ആ മഹാശക്തിയെയാണ് നാം ദൈവം എന്ന് വിളിക്കുന്നത്.

*ശാസ്ത്രീയ സൂചികയും വിവര സ്രോതസ്സുകളും:*


1. King, I. R. (1994): Scientific American-ടെലിസ്കോപ്പുകൾ.
2. Laskar, J. (1993): Nature -ചന്ദ്രന്റെ പങ്ക്.
3. Horner, J., & Jones, B. W. (2008): International Journal of Astrobiology-വ്യാഴത്തിന്റെ സംരക്ഷണം.
4. Conselice, C. J., et al. (2016): The Astrophysical Journal - ഗാലക്സികൾ.
5. Rees, Martin (1999): Just Six Numbers -ഭൗതിക സ്ഥിരാങ്കങ്ങളുടെ സൂക്ഷ്മ കൃത്യത.
6. Planck Collaboration (2018): Astronomy & Astrophysics -- ഡാർക്ക് മാറ്റർ.
7. Collins, Francis S. (2006): The Language of God - ശാസ്ത്രവും വിശ്വാസവും.

*കൂടുതൽ വായനയ്ക്ക്:*

*സ്റ്റീഫൻ ഹോക്കിംഗ് - എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം.*

*പോൾ ഡേവിസ് - ദി ഗോൾഡിലോക്സ് എനിഗ്മ.*

*നാസ (NASA) കോസ്മിക് ടൈംസ് എഡ്യൂക്കേഷൻ ആർക്കൈവ്സ്.*

*ഫ്രാൻസിസ് കോളിൻസ് - ദ ലാംഗ്വേജ് ഓഫ് ഗോഡ്.*



# ഖറാമിത്വിയൻ കലാപവും ഹജറുൽ അസ്വദ് മോഷണവും

ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

ഹിജ്റ 317ലെ ദുൽഹജ്ജ് എട്ട്, യൗമുത്തർവിയ ദിനം, ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നെത്തിയ തീർഥാടകരാൽ വിശുദ്ധ മക്കയും പരിസരവും നിറഞ്ഞു കവിഞ്ഞിരുന്നു. കഅ്ബയെ പ്രദക്ഷിണം ചെയ്തും പ്രാർഥനകളിൽ മുഴുകിയും അവർ ഹജ്ജിനായി ഒരുങ്ങുകയായിരുന്നു. പെട്ടെന്നാണ് മക്കയുടെ അതിരുകളിൽനിന്ന് ആ ഭീതിദമായ നിലവിളി ഉയർന്നത്: 'ഖറാമിത്വകൾ വരുന്നു! ഖറാമിത്വകൾ വരുന്നു!'

ഖറാമിത്വകളുടെ നേതാവായ അബൂ താഹിർ സുലൈമാൻ അൽജന്നാബിയുടെ നേതൃത്വത്തിലുള്ള വൻ സൈന്യം മക്കയിലേക്ക് ഇരച്ചുകയറി. ഇഹ്റാം വസ്ത്രം പോലും ധരിക്കാതെ ആയുധങ്ങളുമായി എത്തിയ അവർ, ത്വവാഫ് ചെയ്തുകൊണ്ടിരുന്ന ഹാജിമാരെ ക്രൂരമായി കൊന്നൊടുക്കി. വിശുദ്ധ ഗേഹ ത്തിന്റെ പവിത്രതയെ ചവിട്ടിമെതിച്ചുകൊണ്ട് അവർ സകല സമ്പത്തും കൊള്ളയടിച്ചു.

കഅ്ബയുടെ വാതിൽക്കൽ നിന്നുകൊണ്ട് അവരുടെ നേതാവ് അബൂ താഹിർ അട്ടഹസിച്ചു: 'ഞാൻ അല്ലാഹുവാണ്, അല്ലാഹു ഞാനുമാണ്... അവൻ സൃഷ്ടിക്കുന്നു, ഞാൻ അവരെ നശിപ്പിക്കുന്നു!'

തുടർന്ന് തന്റെ സൈനികരോട് ഹജറുൽ അസ്വദ് ഇളക്കിയെടുക്കാൻ അയാൾ കൽപിച്ചു. ഇരുമ്പ് ദണ്ഡുകൾകൊണ്ട് അടിച്ചതിനെത്തുടർന്ന് കല്ല് പല കഷ്ണങ്ങളായി പൊട്ടിപ്പിളർന്നു. ആയിരക്കണക്കിന് മൃതദേഹങ്ങളും തകർന്ന ഹൃദയങ്ങ

ളും ബാക്കിയാക്കി അവർ ആ വിശുദ്ധ ശിലയുമായി ബഹ്റൈനിലെ തങ്ങളുടെ ആസ്ഥാനത്തേക്ക് മടങ്ങി.

ഈ ക്രൂരതയുടെ പശ്ചാത്തലം മനസ്സിലാക്കാൻ അവരുടെ ചരിത്രം അൽപം അറിയേണ്ടതുണ്ട്. ഇമാം ഇബ്നു കസീർ തന്റെ 'അൽബിദായ വന്നിഹായ'യിൽ വ്യക്തമാക്കുന്നത് പ്രകാരം, കൂഫയിലെ ഹംദാൻ ഇബ്നു അശ്അസ് എന്ന വ്യക്തിയിൽനിന്നാണ് ഈ പ്രസ്ഥാനം തുടങ്ങുന്നത്. കുറിയ ശരീരപ്രകൃതിയും ചെറിയ കാലുകളും കാരണമാണ് ഇദ്ദേഹത്തിന് 'ഖർമത്' എന്ന് പേരു ലഭിച്ചത്. അഹ്‌ലുൽ ബൈത്തിനെ സ്നേഹിക്കുന്നു എന്ന് നടിച്ചാണ് ഇവർ രംഗത്തുവന്നതെങ്കിലും സത്യത്തിൽ അതൊരു വിനാശകരമായ ബാത്വിനി പ്രസ്ഥാനമായിരുന്നു.

ഇമാം അബുൽ ഹസൻ അൽഅശ്അരി 'മകാലാത്തുൽ ഇസ്‌ലാമിയ്യീൻ' എന്ന ഗ്രന്ഥത്തിൽ ഇവരുടെ വിശ്വാസങ്ങളെ വിശകലനം ചെയ്യുന്നുണ്ട്. ശരീഅത്തിന്റെ നിയമങ്ങൾക്ക് ബാഹ്യവും ആന്തരികവുമായ അർഥങ്ങളുണ്ടെന്നും ആന്തരിക അർഥം ഗ്രഹിക്കുന്നവർക്ക് നമസ്കാരം, നോമ്പ് തുടങ്ങിയ ആരാധനകൾ ബാധകമല്ലെന്നും അവർ വാദിച്ചു. മക്കയിലേക്കുള്ള ഹജ്ജ് വെറും പ്രഹസനമാണെന്നും കഅ്ബ കേവലം ചില പ്രതീകങ്ങൾ മാത്രമാണെന്നും അവർ വിശ്വസിച്ചു.

**ഇബ്നു ഖൽദൂൻ രേഖപ്പെടുത്തിയത് പ്രകാരം, 22 വർഷക്കാലം ഹജറുൽ അസ്‌വദ് ഖർമതികളുടെ പക്കലായിരുന്നു. ഒടുവിൽ ഫാത്വിമി ഖലീഫയുടെ ഇടപെടലിലൂടെയും വൻതുക പകരം നൽകിയുമാണ് അത് തിരികെ ലഭിച്ചത്. അപ്പോഴേക്കും അടിയേറ്റും മറ്റും അത് പല കഷ്ണങ്ങളായി മാറിയിരുന്നു. ഇന്ന് നാം കാണുന്ന വെള്ളിച്ചട്ടക്കൂടിനുള്ളിലെ കഷ്ണങ്ങൾ ആ ആക്രമണത്തിന്റെ മുറിപ്പാടുകളാണ്.**

അബ്ബാസീ ഖിലാഫത്തിന്റെ തളർച്ച മുതലെടുത്ത് ബഹ്റൈനിലെ 'ഹജർ' ആസ്ഥാനമാക്കി അവർ ഒരു സ്വതന്ത്രരാജ്യം തന്നെ കെട്ടിപ്പടുത്തു. ഇസ്‌ലാമിക നിയമങ്ങളെ വെല്ലുവിളിച്ചുകൊണ്ട് സ്വന്തമായ സാമ്പത്തിക-സാമൂഹിക ക്രമങ്ങൾ അവർ നടപ്പിലാക്കി.

ഹിജ്റ 317ലെ ആക്രമണം പെട്ടെന്നുണ്ടായ ഒന്നായിരുന്നില്ല. അതിനു മുമ്പുതന്നെ തീർഥാടകരെ ലക്ഷ്യമിട്ട് പല ആക്രമണങ്ങളും അവർ നടത്തിയിരുന്നു. ഹിജ്റ 312ൽ മക്കയിലേക്കുള്ള ഹാജിമാരുടെ സംഘത്തെ അബൂ താഹിർ ആക്രമിക്കുകയും സ്ത്രീകളെയും കുട്ടികളെയും തടവിലാക്കുകയും ചെയ്തു. ഹിജ്റ 315ൽ ഖർമതികൾ ബഗ്ദാദിനെപ്പോലും ഭീഷണിപ്പെടുത്തിയിരുന്നു. അബ്ബാസി ഖലീഫ അൽമുഖ്തദിർ ബില്ലാഹിക്ക് വിശുദ്ധ ഹറമിന് സംരക്ഷണം നൽകാൻ കഴിയാത്തവിധം ഖിലാഫത്ത് ദുർബലമായിരുന്നു.

ചരിത്ര പണ്ഡിതനായ ഇബ്നുൽ അസീർ ആ കാലഘട്ടത്തെക്കുറിച്ച് വിവരിക്കുന്നത് ഇങ്ങനെയാണ്: 'മുസ്‌ലിംകളുടെ മേൽ വിപത്തുകൾ കഠിനമായി. ഹജ്ജ് ചെയ്യാൻ കഴിയുമെന്ന് അവർക്ക് പ്രതീക്ഷയില്ലാതായി. എല്ലാ വഴികളും മുറിഞ്ഞു, ലോകം ദുരന്തങ്ങൾ കൊണ്ട് നിറഞ്ഞു.'

മക്കയിലെ ആ കറുത്ത ദിനത്തെക്കുറിച്ച് ചരിത്രകാരന്മാർ നൽകുന്ന വിവരണങ്ങൾ ഏവരെയും നടുക്കുന്നതാണ്. ഇബ്നു കസീർ രേഖപ്പെടുത്തുന്നു: 'ഹാജിമാരെ അവർ കഅ്ബയുടെ ചുറ്റും വെച്ച് കൊലപ്പെടുത്തി. കഅ്ബയുടെ കിസ്‌വ വലിച്ചുകീറുകയും വാതിൽ തകർക്കുകയും ചെയ്തു.'

ഇബ്നുൽ അസീർ കൂട്ടിച്ചേർക്കുന്നു: 'വിശുദ്ധ മസ്ജിദിൽ മാത്രം മുപ്പതിനായിരത്തോളം പേർ കൊല്ലപ്പെട്ടു. കഅ്ബയുടെ വിരിയിൽ തൂങ്ങിക്കിടന്നവരെപ്പോലും അവർ വെറുതെ വിട്ടില്ല. മൃതദേഹങ്ങൾ സംസം കിണറ്റിൽ എറിഞ്ഞു. മൃതദേഹങ്ങൾ കുളിപ്പിക്കുകയോ നിസ്കരിക്കുകയോ ചെയ്യാതെ മസ്ജിദിൽ തന്നെ കുഴിച്ചുമൂടി.'

അബൂ താഹിർ കഅ്ബയുടെ അരികിൽ നിന്ന് പരിഹാസത്തോടെ ചോദിച്ചു: 'എവിടെ ആ അബാബീൽ പക്ഷികൾ? എവിടെ സിജ്ജീൽ കല്ലുകൾ?'

മക്കയിൽനിന്ന് തട്ടികൊണ്ടുപോയ ഹജറുൽ അസ്‌വദ് ബഹ്‌റൈനിലെ ഒരു പള്ളിയിൽ അവർ സ്ഥാപിച്ചു. അവിടേക്ക് ഹജ്ജ് ചെയ്യാൻ അവരുടെ നേതാവ് ആളുകളോട് കൽപിച്ചു. എന്നാൽ മുസ്‌ലിംകൾ അതിന് വഴങ്ങിയില്ല. ഇബ്നു ഖൽദൂൻ രേഖപ്പെടുത്തിയത് പ്രകാരം, 22 വർഷക്കാലം ആ വിശുദ്ധ ശില ഖർമതികളുടെ പക്കലായിരുന്നു. ഒടുവിൽ ഫാത്വിമി ഖലീഫയുടെ ഇടപെടലിലൂടെയും വൻതുക പകരം നൽകിയുമാണ് അത് തിരികെ ലഭിച്ചത്. അപ്പോഴേക്കും അടിയേറ്റും മറ്റും അത് പല കഷ്ണങ്ങളായി മാറിയിരുന്നു. ഇന്ന് നാം കാണുന്ന വെള്ളിച്ചട്ടക്കൂടിനുള്ളിലെ കഷ്ണങ്ങൾ ആ ആക്രമണത്തിന്റെ മുറിപ്പാടുകളാണ്.

ഹിജ്റ 339ൽ ഹജറുൽ അസ്‌വദ് മക്കയിൽ തിരിച്ചെത്തിച്ചു. അബ്ബാസി ഖലീഫ അൽമുത്വീഅ്ലില്ലാഹി ഇതിനായി മുൻകൈയെടുത്തു. കല്ല് തിരികെ കൊണ്ടുവന്നപ്പോൾ മക്കയിലെ ജനങ്ങൾ കരഞ്ഞുകൊണ്ടാണ് അതിനെ സ്വീകരിച്ചത്. കൊണ്ടുവന്ന കല്ല് യഥാർഥമാണോ എന്ന് പരിശോധിക്കാൻ അത് വെള്ളത്തിലിട്ടു നോക്കിയെന്നും ഹജറുൽ അസ്‌വദ് വെള്ളത്തിൽ താഴുന്നില്ലെന്നു കണ്ട് അത് ഉറപ്പുവരുത്തിയെന്നും ചരിത്രത്തിൽ പരാമർശമുണ്ട്.

ഇസ്‌ലാമിന്റെ പേരിലുള്ള തെറ്റായ വ്യാഖ്യാനങ്ങൾ എങ്ങനെ മനുഷ്യരെ ക്രൂരന്മാരാക്കുന്നു എന്നതിന് ഖർമതികൾ ഉദാഹരണമാണ്. കേന്ദ്രഭരണം ദുർബലമാകുമ്പോൾ വിശുദ്ധ സ്ഥലങ്ങൾ പോലും സുരക്ഷിതമല്ലാതാകുന്നു. പക്ഷേ, ഇത്ര വലിയ ദുരന്തമുണ്ടായിട്ടും മുസ്‌ലിംകൾ ഹജ്ജിനെ കൈവിട്ടില്ല എന്നതാണ് ഈ സംഭവത്തിന്റെ പ്രത്യേകത.

ഏകദേശം ഒന്നര നൂറ്റാണ്ടോളം നിലനിന്ന ഖർമതിയൻ രാജ്യം ഇന്ന് ചരിത്രത്തിന്റെ ചവറ്റുകുട്ടയിലാണ്. എന്നാൽ കഅ്ബയും ഹജറുൽ അസ്‌വദും മുസ്‌ലിംകളുടെ ഐക്യത്തിന്റെ പ്രതീകമായി ഇന്നും നിലകൊള്ളുന്നത് നാം നേരിൽ കണ്ടുകൊണ്ടിരിക്കുന്നു. ■

വേനൽമഴ കഴിഞ്ഞ് വീണ്ടുമൊരു മഴക്കാലത്തെ വരവേൽക്കാൻ ഒരുങ്ങുകയാണ് നമ്മൾ. ചൂട് ശമിക്കും എന്ന ആശ്വാസമുണ്ട്. എന്നാൽ അതോടൊപ്പം മഴക്കാലം പല രോഗങ്ങളുടെയും കൂടി കാലമാണെന്ന് നമ്മൾ തിരിച്ചറിയണം. ഇവയെപ്പറ്റി അവബോധമുണ്ടാവുക എന്നത് മുന്നൊരുക്കങ്ങൾ ശക്തിപ്പെടുത്താൻ നമ്മെ സഹായിക്കും. ഇവയിൽ പ്രധാനമായിട്ടുള്ളത് താഴെ പറയുന്നവയാണ്:

1. വയറിളക്കം
2. മഞ്ഞപ്പിത്തം
3. ടൈഫോയ്ഡ്

ഇത്തരം രോഗങ്ങൾ പകരുന്നത് രോഗിയുടെ മലമൂത്ര വിസർജ്യങ്ങളിലൂടെയാണ്. ഇവ കലർന്ന വെള്ളം ഒരാൾ കുടിക്കുമ്പോൾ അയാൾക്ക് രോഗം പിടിപെടുന്നു.

**വയറിളക്കം**

പലപ്പോഴും ഛർദിയിൽ തുടങ്ങി അടുത്ത ഒന്നു രണ്ടു ദിവസങ്ങളിൽ വയറിളക്കത്തിലേക്കു നയിക്കുന്നു. പലപ്പോഴും ഇവയെല്ലാം താനേ ഭേദപ്പെടുമെങ്കിലും നിർജലീകരണം അഥവാ ശരീരത്തിലെ വെള്ളത്തിന്റെ അളവ് നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് കാരണമാകുന്നു. ധാരാളമായി വെള്ളം കുടിക്കുവാൻ - പ്രത്യേകിച്ച് കരിക്കിൻ വെള്ളം, ഉപ്പിട്ട കഞ്ഞിവെള്ളം, സംഭാരം എന്നിവ - ശ്രദ്ധിക്കുക. ഇവ ശരീരത്തിലെ വെള്ളവും അതിന്റെ കൂടെ ലവണങ്ങളും നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുന്നു. കഠിനമായ പനിയോ വയറുവേദനയോ -പ്രത്യേകിച്ച് കുട്ടികളിൽ- ഉണ്ടാവുകയാണെങ്കിൽ സ്വയം ചികിത്സ നടത്താതെ ഒരു ആരോഗ്യ പ്രവർത്തകനെ കാണേണ്ടതാണ്.

**മഞ്ഞപിത്തം**

Hepatitis-A എന്ന വൈറസാണ് പ്രധാനമായും ഈ രോഗത്തിന് കാരണമാകുന്നത്. പലപ്പോഴും പനിയിൽ ആരംഭിച്ച് വയറുസംബന്ധമായ ബുദ്ധിമുട്ടുകളിലേക്ക് എത്തും. വിശപ്പില്ലായ്മ, വയറുവേദന,

# മഴക്കാലവും ജലജന്യ രോഗങ്ങളും

ഡോ. ഹിസാന ജഹാൻ



ഛർദി എന്നിവയാണ് ഇതിന്റെ ലക്ഷണങ്ങൾ. നാലഞ്ചു ദിവസങ്ങൾക്കുശേഷമാണ് കണ്ണിലും ദേഹത്തു മായി മഞ്ഞനിറം കണ്ടു തുടങ്ങുന്നത്. ഈ വൈറൽ അണുബാധ കരളിനെ ബാധിക്കുന്നതാണ് മഞ്ഞപ്പിത്തത്തിന് കാരണമാകുന്നത്. ഈ അവസ്ഥയിൽ ഏറ്റവും പെട്ടെന്നുതന്നെ ഡോക്ടറെ കാണുകയും ഉപദേശാനുസരണം രക്തപരിശോധനകൾ നടത്തുകയും ചികിത്സ നേടുകയും ചെയ്യേണ്ടതാണ്. ശരിയായ ചികിത്സ ലഭിച്ചില്ലെങ്കിൽ കരളിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ച് മരണത്തിനുവരെ കാരണമായേക്കാം.

**ടൈഫോയ്ഡ്**

ടൈഫോയ്ഡിനെപ്പറ്റി ദീർഘമായി പറയുന്നില്ല. മുകളിൽ പറഞ്ഞ, വയറിളക്ക രോഗങ്ങളോട് സാമ്യമുള്ള ലക്ഷണങ്ങൾതന്നെയാണ് പലപ്പോഴും കാണാറുള്ളത്. ഇവ രണ്ടുമൂന്നു ദിവസത്തിൽ കൂടുതൽ നിലനിൽക്കുകയോ അല്ലെങ്കിൽ കടുത്ത പനി, വയറുവേദന എന്നിവ ഉണ്ടാവുകയോ ആണെങ്കിൽ ഒരു ഡോക്ടറെ കാണുക. കുട്ടികളിലാണ് ഈ ലക്ഷണങ്ങൾ കാണുന്നതെങ്കിൽ ഡോക്ടറെ കാണിക്കാൻ ഒട്ടും വൈകരുത്. സ്വയം ചികിത്സ അപകടമാണ്.

ഈ അസുഖങ്ങൾക്കെല്ലാം ശരിയായ ചികിത്സ ലഭിച്ചില്ലെങ്കിൽ ഗൗരവമുള്ള സ്ഥിതിയിലേക്കെത്താം. ഇവയെ പ്രതിരോധിക്കാനുള്ള ഏറ്റവും നല്ല വഴി തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുകയും പാചകത്തിന് ഉപയോഗിക്കുകയും ചെയ്യുക എന്നതാണ്. അതുപോലെതന്നെ പുറമെനിന്ന് ഭക്ഷണം കഴിക്കുന്നത് പരമാവധി ഒഴിവാക്കുക. അത്യാവശ്യമാണെങ്കിൽ വൃത്തിയുള്ള സാഹചര്യത്തിലാണ് ഭക്ഷണം ഉണ്ടാക്കുന്നത് എന്ന് ഉറപ്പിക്കുക. വീട്ടിലെ കിണറുകളും മറ്റു ശുദ്ധജലസ്രോതസ്സുകളും സെപ്റ്റിക് ടാങ്കുമായോ മറ്റു മലിന ജല സ്രോതസ്സുകളുമായോ നേരിട്ട് ബന്ധമില്ല എന്ന് മഴക്കാലത്തിനു മുമ്പുതന്നെ ഉറപ്പുവരുത്തുക.

ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് എന്നിവയ്ക്ക് നമ്മുടെ നാട്ടിൽ വാക്സിനേഷൻ ലഭ്യമാണ്. കുട്ടികൾക്കും മുതിർന്നവർക്കും മറ്റു അസുഖങ്ങളുള്ളവർക്കും വാക്സിനേഷനെടുക്കുന്നത് ഏറെ ഉപകാരപ്രദമായിരിക്കും. ഈ രോഗലക്ഷണങ്ങൾ തിരിച്ചറിയുന്നത് വഴി അനിവാര്യ ചികിത്സ ലഭിക്കുന്നു എന്നുറപ്പു വരുത്താം. ■

# ഉമ്മാക്കൊരുമ്മ

സഹല ഷെറിൻ, ചെർപ്പുളശ്ശേരി
റൗദത്തുൽ ഉലൂം, ഫറൂഖ്

“പാത്തൂ, മോളേ പാത്തൂ... ഒന്ന് എണീറ്റു വന്നേ. എന്നെ ഒന്ന് സഹായിക്കെടീ. എത്ര നേരമായി ഇങ്ങനെ ആ ഫോണിൽ തന്നെ.... എന്നോട് ഒന്ന് വന്നു സംസാരിക്കുകയെങ്കിലും ചെയ്യ്...” ഉമ്മയുടെ ഇടറുന്ന ശബ്ദം റൂമിലിരുന്ന് കേൾക്കുന്നുണ്ട് നിയ ഫാത്വിമ.

“എന്താണ് ഉമ്മാ എപ്പോഴും എന്നെ ഇങ്ങനെ വിളിച്ച് ശല്യപ്പെടുത്തുന്നത്? ഞാൻ ഫോണുമായി ഒന്ന് ഇരുന്നാൽ അപ്പോൾ തുടങ്ങും...” അവൾ തന്റെ പ്രതിഷേധം ഉമ്മയെ അറിയിച്ചു.

കുറെ കഴിഞ്ഞ് ഫാത്വിമ അടുക്കളയിലേക്ക് എത്തിനോക്കി. ഉമ്മ അപ്പോഴും പണിത്തിരക്കിലാണ്. അവർ വളരെ ക്ഷീണിതയായിട്ടുണ്ട്. അതു കണ്ടപ്പോൾ അവൾക്ക് ഉമ്മയോട് മുമ്പൊന്നുമില്ലാത്ത ഒരു സ്നേഹവും അനുകമ്പയും തോന്നി. ഫാത്വിമ മെല്ലെ മെല്ലെ അവളുടെ ഉമ്മയുടെ അരികിൽ ചെന്ന് അവരെ ഒന്ന് ഉമ്മ വെക്കാൻ ശ്രമിച്ചു. ജോലി ഭാരത്താൽ ക്ഷീണിച്ച ഉമ്മാക്ക് അത് ഇഷ്ടമായില്ല. അവർ മകളുടെ കൈ ദേഷ്യത്തോടെ തട്ടിമാറ്റി.

“ഉമ്മാ, സോറി ഉമ്മാ...ഞാൻ ഇപ്പോൾ എന്താണ് ചെയ്യേണ്ടത്...” അവൾ സങ്കടത്തോടെ ചോദിച്ചു.

“നീ ഒന്നും ചെയ്യേണ്ട, അവിടെ പോയി ഇരുന്നോ. ഞാൻ ഇവിടെ ചെയ്യുന്നതൊന്നും ആരും കാണുന്നില്ലല്ലോ. എല്ലാം ഞാൻ തന്നെ ഒറ്റക്ക് വലിക്കണം. എനിക്ക് മടുത്തു...”

ഈ വാക്കുകൾ ഫാത്വിമയെ വല്ലാതെ വിഷമിപ്പിച്ചു. അവൾക്ക് കുറ്റബോധം തോന്നി. പ്ലസ് ടു കഴിഞ്ഞ ഞാൻ ചെറിയ കുട്ടിയൊന്നുമല്ല. എന്നിട്ടും ഉമ്മാനെ സഹായിക്കാൻ തയ്യാറായിട്ടില്ല. വല്ലപ്പോഴും മുറ്റമടിക്കാൻ സഹായിച്ചാലായി, അത്രതന്നെ! നാളെ മുതൽ രാവിലെ എണീറ്റു തന്റെ ഉമ്മാനെ സഹായിക്കുമെന്ന് അവൾ മനസ്സിലുറപ്പിച്ചു. പറഞ്ഞതുപോലെ പിറ്റേദിവസം മുതൽ അവൾ വീട്ടിലെ ജോലി ചെയ്തു തുടങ്ങി.



വർഷം രണ്ടു കഴിഞ്ഞു. ഫാത്വിമയെ അനുയോജ്യനായ ഒരു വരനെ കണ്ടെത്തി കല്യാണം നടത്തിക്കൊടുത്തു. ഒരു ദവസം ഉമ്മ നിസ്കാര പായയിലിരുന്ന് നീണ്ട ആലോചനയിൽ മുഴുകി. എന്റെ പാത്തു അന്നെനിക്ക് ഉമ്മ തന്നത് ഞാൻ തട്ടിമാറ്റി. സ്നേഹമില്ലാത്തതുകൊണ്ടല്ല... എന്നാലും അവളെ ഞാൻ അവഗണിച്ചിരുന്നോ...? ഞാൻ എന്തിനാ അങ്ങനെയൊക്കെ ചെയ്തത്? ഇപ്പോഴത്തെ കുട്ടികളൊക്കെ ഇങ്ങനെയൊക്കയാണല്ലോ! ഇപ്പോൾ അവൾ അടുത്തുണ്ടായിരുന്നെങ്കിൽ...അവൾ ഒന്ന് വന്നു എന്നെ കെട്ടിപ്പിടിച്ച് ഉമ്മ തന്നിരുന്നെങ്കിൽ...ആ ഉമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ആ സമയത്താണ് മുറ്റത്ത് ഒരു കാർ വന്നു നിന്നത്. ഫാത്വിമയും ഭർത്താവുമാണ്.

“ഉമ്മാ...ഉമ്മാ”-എന്ന ഉച്ചത്തിലുള്ള വിളി കേട്ടപ്പോൾ ഉമ്മ സ്വപ്നത്തിൽ നിന്നെന്ന മട്ടിൽ ഞെട്ടിയുണർന്നു.

അല്ലാഹ്! എന്റെ പാത്തുവല്ലേ വിളിക്കുന്നത്...അവർ എഴുന്നേറ്റ് പുറത്തേക്കു പോകാനൊരുങ്ങവെ അകത്തേക്കു സലാം പറഞ്ഞ് ഓടിവന്ന ഫാത്വിമ ഉമ്മയെ ചേർത്തുപിടിച്ച് നെറ്റിയിൽ തുരുതുരാ ഉമ്മ വെച്ചു. ഉമ്മ തിരിച്ചും മകളെ കെട്ടിപ്പിടിച്ച് കണ്ണീരിൽ കുതിർന്ന ഉമ്മകൾ നൽകി. ഉമ്മാക്ക് ഏറ്റവും ഇഷ്ടപ്പെട്ട പലഹാരത്തിന്റെ പൊതി അവൾ ഉമ്മയുടെ നേരെ നീട്ടി. ആ നിമിഷത്തിൽ ഉമ്മയുടെയും മകളുടെയും മനസ്സിലൂടെ മിന്നിമറഞ്ഞ ചിന്തകൾ എന്തൊക്കെയായിരിക്കും കൂട്ടുകാരേ?



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 30 May 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: `10/-


# ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

## വാദി അൽ ഹിക്മ,
മിനി ഊട്ടി, മലപ്പുറം

WISDOM
ISLAMIC ORGANIZATION

جـامعة الـــهند الإســـلامية
JAMIA AL-HIND AL-ISLAMIYYA

2026-27 ബാച്ചുകളിലെ
വിവിധ കോഴ്സുകളിലേക്കുള്ള

## രജിസ്ട്രേഷൻ തുടരുന്നു



**മഅ്ഹദുല്ലുഗ / +1,+2**

- മദീന ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയുടെ സിലബസുമായി ഏകോപിപ്പിച്ച് രൂപീകരിക്കപ്പെട്ട സിലബസ്
- വിശുദ്ധ ഖുർആൻ 4 ജുസ്അ് ഹിഫ്ദും, ഇംഗ്ലീഷ്, ഉറുദു പഠനവും ഉൾകൊള്ളുന്നു.
- +1,+2 ഹ്യുമാനിറ്റീസ്

**കുല്ലിയ്യ / Degree**

- അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന മൂന്ന് വർഷ കുല്ലിയ്യ.
- വിശുദ്ധ ഖുർആൻ 6 ജുസ്അ് ഹിഫ്ള്, ചെറു ഗ്രന്ഥങ്ങളുടെ മനഃപ്പാഠം എന്നിവ ഉൾപ്പെടുന്നു.
- BA അറബിക് / BA ഇംഗ്ലീഷ് / etc ഡിഗ്രികൾ കൂടെ കരസ്ഥമാക്കുന്നു

**അപേക്ഷ ക്ഷണിച്ച കോഴ്സുകൾ**

- മഅ്ഹദുല്ലുഗ (Boys & Girls)
  +1, +2 ഹ്യുമാനിറ്റീസ്
- കുല്ലിയ്യ (ഡിഗ്രി)
  കുല്ലിയ്യത്തുദ്ദഅ്വ
  കുല്ലിയ്യത്തുൽ ഹദീസ്
  കുല്ലിയ്യത്തുശ്ശരീഅഃ
  കുല്ലിയ്യത്തുൽ ബനാത് (Girls)
- തഖസ്സുസ് (പി.ജി.)

FOR MORE
BOYS CAMPUS : 9961 725 725
GIRLS CAMPUS : 8078 536 796

APPLY ONLINE
www.jamiaalhind.com | info@jamiaalhind.com

SCAN ME!

- പ്രധാന കോഴ്സുകളിലെ പഠനം, താമസം ഭക്ഷണം എന്നിവ പൂർണ്ണമായും സൗജന്യം
- PG വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻ്റ്
- ലോക പ്രശസ്ത വിദേശ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനത്തിന് അവസരം ഒരുക്കുന്നു